
www.malankaralibrary.com

# സാന്ത്വനം വോയ്സ്

മലങ്കര സുറിയാനി കത്തോലിക്കാ സഭ പത്തനംതിട്ട രൂപതാ ബുള്ളറ്റിൻ

വാല്യം : 10
ലക്കം : 1

2022
ജനുവരി – ഏപ്രിൽ




## ഉയിർപ്പുതിരുനാൾ ആശംസകൾ

www.malankaralibrary.com



ഗുഡ്ഗാവ് രൂപതയുടെ മെത്രാപ്പോലീത്തായായി നിയോഗിതനായ
അഭി. തോമസ് മാർ അന്തോണിയോസ് പിതാവിനും നിയുക്ത
മെത്രാപ്പോലീത്താമാരായി നിയോഗിതരായ
റവ. ഡോ. ആന്റണി കാക്കനാട്ട് അച്ചനും
മോൺ. മാത്യു മനയ്ക്കരക്കാവിൽ അച്ചനും
പത്തനംതിട്ട ഭദ്രാസനത്തിന്റെ പ്രാർത്ഥനാശംസകൾ



2022 ഏപ്രിൽ 29 ന് അഭി. സാമുവേൽ മാർ ഐറേനിയോസ്
പിതാവിന്റെ മുഖ്യ കാർമികത്വത്തിൽ കൂദാശ ചെയ്ത
മേക്കൊഴൂർ സെന്റ് മേരീസ് മലങ്കര കത്തോലിക്കാ ദേവാലയം

www.malankaralibrary.com



# സാന്തോം വോയ്സ്

മലങ്കര സുറിയാനി കത്തോലിക്കാ സഭ
പത്തനംതിട്ട രൂപതാ ബുള്ളറ്റിൻ

## ഉള്ളടക്കം


1. സർക്കുലർ............................ 03
2. രൂപതാ വാർത്തകൾ .................. 42
3. എം.സി.വൈ.എം........................ 45
4. വിശ്വാസധാര............................ 50
5. മാതൃവേദി................................ 51
6. കുടുംബ പ്രേഷിത കര്യാലയം......... 53
7. സെമിനരി വാർത്തകൾ ............... 54
8. ലോഗോസ് ക്വിസ് 2022 ............... 55

www.malankaralibrary.com





# സാന്തോം വോയ്സ്

മലങ്കര സുറിയാനി കത്തോലിക്കാ സഭ
പത്തനംതിട്ട രൂപതാ ബുള്ളറ്റിൻ

2022 ജനുവരി – ഏപ്രിൽ

വാല്യം : 10, ലക്കം : 01

**Chief Editor**

**Fr. Joshy Vazhappillethu**

**Editor**

**Fr. Varghese Thomas Chamakkalayil**

**Mob : 95 26 75 77 69**

*email : santhomvoicepta@gmail.com*

www.malankaralibrary.com



# THE SYRO- MALANKARA CATHOLIC CHURCH

MORAN MOR BASELIOS CARDINAL CLEEMIS
Major Archbishop-Catholicos

Major Archiepiscopal Curia
Catholicate Centre
Pattom, Trivandrum-695004

Letter to Malankara
Bishops 1 /2021

## മെത്രാന്മാരുടെ സുന്നഹദോസ് – 2023 : ഭദ്രാസന തലത്തിലുള്ള ഒരുക്കങ്ങൾ സംബന്ധിച്ച്

അഭിവന്ദ്യ പിതാക്കന്മാരേ,

നമ്മുടെ കർത്താവേശുമിശിഹായുടെ സ്നേഹവും സമാധാനവും പരിശുദ്ധാത്മ കൃപകളും സമൃദ്ധമായി ഉണ്ടായിരിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. പുതിയ ആരാധനക്രമ വത്സരത്തിലേക്ക് നാം പ്രവേശിക്കുകയാണല്ലോ. ശ്ഹീമോ നമസ്കാരത്തിലെ ശുബ്ഹോ – ഒന്നാം കോലോ പ്രാർത്ഥിച്ചു തുടങ്ങി സഭയുടെ വിശുദ്ദീകരണത്തിനായി നമുക്ക് ഒരുങ്ങാം.

പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പ 2023 ൽ നടത്തുവാൻ നിശ്ചയിച്ചിരിക്കുന്ന മെത്രാന്മാരുടെ സുന്നഹദോസിനെ (Synod of Bishops)സംബന്ധിച്ചുള്ള ഔദ്യോഗിക അറിയിപ്പ് അഭിവന്ദ്യ പിതാക്കന്മാർക്ക് ഇതിനോടകം റോമിൽ നിന്നും ലഭിച്ചിട്ടുണ്ടല്ലോ. പ്രസ്തുത സമ്മേളനത്തിന് ആഗോളസഭ തയ്യാറെടുക്കുന്നതിന്റെ ഭാഗമായി ഭദ്രാസന തലങ്ങളിൽ ഒരു സിനഡൽ സഭാ കൂട്ടായ്മ, പങ്കാളിത്വം, ദൗത്യം എന്നീ വിഷയത്തെ ആസ്പദമാക്കി, ആവശ്യമായ പഠനങ്ങളും ചർച്ചകളും വിചിന്തനങ്ങളും നടത്തുവാൻ പരിശുദ്ധ പിതാവ് ആവശ്യപ്പെട്ടിട്ടുണ്ട്. ഭദ്രാസനങ്ങൾ പഠനശിബിരം നടത്തേണ്ടത് 2022 ഏപ്രിൽ വരെയാണ്. അതിനുശേഷം പൗരസ്ത്യ സഭകളുടെ സുന്നഹദോസുകളും മെത്രാന്മാരുടെ വിവിധ കോൺഫറൻസുകളും, പ്രാദേശിക തലത്തിൽ നടത്തപ്പെട്ട ചർച്ചകളുടെ സമന്വയം പരിശുദ്ധ പിതാവിന് സമർപ്പിക്കുന്നതാണ്. പ്രാദേശികമായി നടത്തപ്പെട്ട ചർച്ചകളുടേയും സമന്വയത്തിന്റെയും അടിസ്ഥാനത്തിൽ പരിശുദ്ധ പിതാവിന്റെ അദ്ധ്യക്ഷതയിൽ മെത്രാന്മാരുടെ സുന്നഹദോസ് 2023 ൽ റോമിൽ സമ്മേളിക്കുകയും ചെയ്യും.

“ഒരുമിച്ചുള്ള യാത്ര ” എന്ന് ആഗോള കത്തോലിക്കാ സഭയുടെ പൊതു

www.malankaralibrary.com



ജീവിതത്തെയും, ദൗത്യത്തേയും നിർണ്ണായകമായി സ്വാധീനിക്കുന്ന കാലിക പ്രാധാന്യമുള്ള ഒരു വിഷയമാണ്. പരിശുദ്ധ പിതാവിന്റെ വാക്കുകളിൽ "മൂന്നാം സഹസ്രാബ്ദത്തിലെ സഭയിൽ നിന്ന് ദൈവം പ്രതീക്ഷിക്കുന്നത് സിനോഡാലിറ്റിയുടെ പാതയാണ്. " ഭദ്രാസനങ്ങൾ ഈ പ്രകിയയുടെ അടിസ്ഥനഘടകമായിനാൽ ആരേയും മാറ്റി നിർത്താതെയുള്ള വ്യാപകമായ ഒരു പങ്കാളിത്തം അനിവാര്യമാണ്. കാരണം, വിശ്വാസ തീർത്ഥാടന യാത്രയിൽ ഉൾപ്പട്ട എല്ലാവരുടെയും ആശയങ്ങളും ഊർജ്ജവും സർഗാത്മകതയും സഭയുടെ കെട്ടുപണിയിൽ പ്രധാനപ്പെട്ടതുതന്നെ. പരസ്പരം പഠിക്കുക ബന്ധങ്ങൾ ദൃഢമാക്കുക മനസുകൾ തമ്മിലുള്ള അകലങ്ങൾ ഇല്ലാതാക്കുക, ശബ്ദമില്ലാത്തവരുടെ സ്വരം തിരിച്ചറിയുക തുടങ്ങിയവ ഈ യാത്രയുടെ ലക്ഷ്യങ്ങളാണ്. പരിശുദ്ധാരൂപിയുടെ നിറവിൽ പരസ്പരം ശ്രവിക്കുവാനും ശ്രദ്ധിക്കുവാനുമുള്ള ഒരു ആത്മീയ അനുഭവമായി നമ്മുടെ കൂടി വരവുകളും ചർച്ചകളും മാറട്ടെയെന്ന് പ്രാർത്ഥിക്കുന്നു. ഇക്കാര്യങ്ങൾ സംബന്ധിച്ചുള്ള മാർഗ രേഖയും കൈപുസ്തകവും *(Vedemecum)* ഇതിനോടകം റോമിൽ നിന്ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

അഭിവന്ദ്യ പിതാക്കന്മാർ, അവരവരുടെ ഭദ്രാസനങ്ങളിൽ നവംബർ 10 ന് മുമ്പായി ഒരു ദിവസം ഭദ്രാസന തലത്തിൽ ഈ സുന്നഹദോസിന് ഔദ്യോഗികമായി തുടക്കം കുറിക്കേണ്ടതാണ്. സുന്നഹദോസിന്റെ നടത്തിപ്പ് സംബന്ധിച്ച് റോമിൽ നിന്ന് ലഭിച്ച നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ മേൽപ്പറഞ്ഞ കാര്യങ്ങളിൽ ആവശ്യമായ ചർച്ചകളും നടപടികളും സ്വീകരിക്കണം. ഇപ്രകാരം നടത്തപ്പെട്ട ചർചച്ചകളുടെ ഒരു സമന്വയം നമ്മുടെ സഭയുടേതായി ക്രോഡീകരിച്ച് തിരു സിംഹാസനത്തിന് നൽകുന്നതിനായി 2022 ഏപ്രിൽ മാസം 30 നകം എന്റേ പേർക്ക് അയച്ചു തരുവാൻ താൽപര്യപ്പെടുന്നു.

ദൈവത്തിന്റെ കരുണയും അനുഗ്രഹങ്ങളും നിങ്ങളുടെ മേൽ എന്നും ഉണ്ടായിരിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

എന്ന്,

കർത്താവിൽ നിങ്ങളുടെ വിനീത ശുശ്രൂഷി

+Baselios Cleemis

**ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ്**

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ

മേജർ ആർച്ചുബിഷപ്പ് - കാതോലിക്കാബാവാ

www.malankaralibrary.com



Ref: 3627 /K-5/KCBC/OL/DS
19.01.2022

# കേരള സഭാനവീകരണം 2022-2025
# കെസിബിസി പുറപ്പെടുവിക്കുന്ന സർക്കുലർ

ആഗോള കത്തോലിക്കാസഭയിൽ 2021 ആഗസ്റ്റ് മുതൽ 2023 ഒക്ടോബർ വരെയുള്ള കാലഘട്ടം സിനഡാത്മകത യ്ക്കുവേണ്ടിയുള്ള സിനഡിന്റെ ഒരുക്കത്തിന്റെ നാളുകളാണല്ലോ. 2023 ഒക്ടോബറിൽ വത്തിക്കാനിൽ നടക്കുന്ന ആഗോള സിനഡ് തീർത്ഥാടകസഭയിൽ കൂട്ടായ് മയുടെയും സമവായത്തിന്റെയും പുതിയനാളുകൾ സമ്മാനി ക്കുമെന്ന് പ്രത്യാശിക്കാം. അതിനായി നമുക്ക് ഏകമനസ്സോടെ പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യാം.

2021 ഡിസംബറിൽ നടന്ന കേരള കത്തോലിക്കാ മെത്രാന്മാരുടെ സമ്മേളനം ആഗോള സിനഡിന്റെ പശ്ചാത്തലത്തിൽ കേരളസഭയിലാക മാനം സ്ഥായിയായ ഒരു നവീകരണം ആവശ്യമുണ്ട് എന്ന ബോധ്യത്തിലെ ത്തിച്ചേർന്നു. കോവിഡുകാലം മനുഷ്യജീവിതത്തിന്റെ സമസ്ത മേഖലകളിലും സൃഷ്ടിച്ച മരവിപ്പും, കൂടാതെ ഇക്കാലത്ത് സഭ നേരിടുന്ന പ്രതിസന്ധികളും വെല്ലുവിളികളും തരണം ചെയ്ത് മുന്നേറാൻ ആന്തരിക നവീകരണത്തിന്റെയും ശക്തീകരണത്തിന്റെയും പുതിയ പാതകൾ സഭയിൽ രൂപപ്പെടണമെന്ന് കൗൺസിൽ നിർദേശിക്കുകയും അതിനായി ഒരു കമ്മിറ്റിക്ക് രൂപം നല്കുകയും ചെയ്തു. കെസിബിസിയുടെ കരിസ്മാറ്റിക്, ഡോക്ട്രൈനൽ, ബൈബിൾ, ഫാമിലി, അല്മായ കമ്മീഷനുകളുടെ നേതൃത്വത്തിലാണ് നവീകരണ പരിപാടികൾ ആസൂത്രണം ചെയ്യുന്നത്. 2022 ജൂൺ 5 പെന്തക്കോസ്താ തിരുനാൾ മുതൽ 2025 ജൂൺ 8 പെന്തക്കോസ്താ തിരുനാൾ വരെയായിരിക്കും കേരളസഭയിൽ നവീകരണ കാലഘട്ടമായി ആചരിക്കുന്നത്.

## സഭ: ക്രിസ്തുവിൽ പണിയപ്പെട്ടുകൊണ്ടിരിക്കുന്ന ഭവനം

കേരള സഭാ നവീകരണത്തിന് കെസിബിസി സ്വീകരിച്ചിരിക്കുന്ന ആപ്തവാക്യം “സഭ: ക്രിസ്തുവിൽ പണിയപ്പെട്ടുകൊണ്ടിരിക്കുന്ന ഭവനം” എന്നാണ്. വിശുദ്ധ പൗലോസ് അപ്പോസ്തലൻ എഫേസൂസു

www.malankaralibrary.com



കാർക്കെഴുതിയ ലേഖനം 2:20-22 ൽ പറയുന്ന കാര്യങ്ങളാണ് ഈ ആപ്തവാക്യത്തിന് ആധാരം. അപ്പോസ്തലൻ ഇപ്രകാരം എഴുതുന്നു:

"അപ്പോസ്തലന്മാരും പ്രവാചകന്മാരുമാകുന്ന അടിത്തറമേൽ പണിതുയർത്തപ്പെട്ടവരാണ് നിങ്ങൾ; ഈ അടിത്തറയുടെ മൂലക്കല്ല് ക്രിസ്തുവാണ്. ക്രിസ്തുവിൽ ഭവനമൊന്നാകെ സമന്വയിക്കപ്പെട്ടിരിക്കുന്നു; കർത്താവിൽ പരിശുദ്ധ ആലയമായി അതു വളർന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. പരിശുദ്ധാത്മാവിൽ ദൈവത്തിന്റെ വാസസ്ഥലമായി നിങ്ങളും അവനിൽ പണിയപ്പെട്ടുകൊണ്ടിരിക്കുന്നു."

ദൈവത്തിന്റെ ഭവനവും ക്രിസ്തുവിന്റെ ശരീരവും യേശുക്രിസ്തുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ട് ഒന്നുചേർക്കപ്പെട്ടവരുടെ സമൂഹമായ സഭ ക്രിസ്തുവിന്റെ മൗതികശരീരവും ദൈവ ത്തിന്റെ ഭവനവുമായി പരി. ആത്മാവിൽ പണിയപ്പെട്ടു കൊണ്ടിരിക്കുന്നു. സഭയെ നിരന്തരം നയിക്കുന്ന ദൈവാത്മാവിന്റെ സ്വരത്തിന് കാതോർത്താണ് പ്രാരംഭകാലം മുതൽ സഭ യാത്ര ചെയ്തിട്ടുള്ളത്. പരിശുദ്ധാത്മപ്രകാശത്തിൽ കാലത്തിന്റെ അടയാളങ്ങളെ വ്യാഖ്യാനിക്കുകയും ദൈവിക പദ്ധതിയുടെ ശുശ്രൂഷകൾക്കായി പിൻചെല്ലേണ്ട പാതകൾ നിർണയിക്കുകയും ചെയ്യുക എന്നത് സഭയുടെ എക്കാലത്തെയും വെല്ലുവിളിയും ദൗത്യവുമാണ്.

## എന്റെ സഭ, എന്റെ ഭവനം

സഭാംഗങ്ങൾ വ്യത്യസ്ത വ്യക്തികളാണെങ്കിലും (റോമാ 12:5) എല്ലാവരും അനാദിയിലേ ക്രിസ്തുവിൽ തെരഞ്ഞെടുക്കപ്പെട്ടവരും (എഫേ 1:4) അവിടത്തെ മരണത്തിലും ഉത്ഥാനത്തിലും പങ്കുപറ്റുന്നവരും പരിശുദ്ധാത്മാവിനെ അവകാശമായി ലഭിക്കുന്നവരും (1 കോറി 12:13) യേശുവിന്റെ രണ്ടാമത്തെ വരവിന് സാക്ഷ്യംവഹിക്കുന്നവരുമാണെന്ന് പൗലോസ് അപ്പോസ്തലൻ പഠിപ്പിക്കുന്നു. ശരീരത്തിൽ പല അവയവങ്ങളുണ്ടെങ്കിലും അവയെല്ലാം ചേർന്ന് ക്രിസ്തുവിൽ ഏക ശരീരമായിത്തീരുന്നു (1 കോറി 12:12-26) എന്നതുകൊണ്ട് സഭാംഗങ്ങളെല്ലാവരും വിളി സ്വീകരിച്ചവരും വിളിക്കനുസൃതമായ ദൗത്യം നിർവഹിക്കാൻ കടപ്പെട്ടവരുമാണ്.

ഇപ്രകാരം "യേശുക്രിസ്തുവിന്റെ സ്വന്തമാകാൻ വിളിക്കപ്പെട്ടവരായ" (റോമ 1, 6) നാമെല്ലാവരും സഭയുടെ ഭാഗമാണ്, സ്വന്തമാണ് എന്ന

www.malankaralibrary.com



ബോധ്യമുണ്ടാകണം. "എന്റെ സഭ, എന്റെ ഭവനം" എന്ന വികാരം സഭാംഗങ്ങൾക്കെല്ലാവർക്കും ഉണ്ടാകണം. ഓരോ വ്യക്തിയുടെയും വ്യക്തി സ്വാതന്ത്ര്യം പ്രധാനപ്പെട്ടതാണ്, അത് വിലമതിക്കപ്പെടണം. എന്നാൽ ജ്ഞാനസ്നാനം സ്വീകരിച്ച് സഭയുടെ സന്താനമായി മാറിയ വ്യക്തിയുടെ സ്വാതന്ത്ര്യം എന്നതാകണം ക്രിസ്തുവിശ്വാസിയുടെ വ്യക്തി സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള കാഴ്ചപ്പാട്. അമ്മയായ സഭയോടുള്ള സ്നേഹം ക്രിസ്തുവിനോടുള്ള സ്നേഹത്തിന്റെ ഭാഗമാണ്. സഭ എന്റെ അമ്മ അഥവാ എന്റെ കുടുംബം എന്ന നിലയിൽ എത്രമാത്രം സ്നേഹിക്കപ്പെടുന്നുവെന്ന് ഓരോരുത്തരും വിലയിരുത്തണം. എന്റെ സഭയെ സംരക്ഷിക്കാൻ എനിക്കും കടമയുണ്ട് എന്ന അവബോധത്തിൽ ക്രിസ്തുവിശ്വാസികൾ വളരുന്നിടത്താണ് പൊതു സമൂഹത്തിൽ സഭ ക്രിസ്തുവിന്റെ മുഖവും ഗാത്രവുമായി അവതരിക്കപ്പെടുന്നത്.

## നവീകരണമേഖലകളും പ്രക്രിയകളും

യഥാർത്ഥവും സുദൃഢവുമായ മാനസാന്തരമാണ് സമഗ്രനവീകരണത്തിന് അടിസ്ഥാനമായിട്ടുള്ളത്. സഭാ ശുശ്രൂഷകളുടെ സമസ്ത മേഖലകളിലും ഈ മാനസാന്തരം സംഭവിക്കണം. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് സഭയുടെ മിഷനറി സ്വഭാവത്തെ ഏറ്റെടുക്കുക എന്നതാണ്. ഫ്രാൻസിസ് പാപ്പാ ഓർമ്മിപ്പിക്കുന്നതുപോലെ, ' സഭയെ സംബന്ധിച്ച ഒരു ഐച്ഛിക വിഷയമല്ല പ്രേഷിതപ്രവർത്തനം, കാരണം സഭ പ്രേഷിതയാണ്.' സഭയുടെ പ്രേഷിത പ്രവർത്തനങ്ങളുടെയും അജപാലന ദൗത്യങ്ങളുടെയും മേഖലയിൽ മാനസാന്തരം സംഭവിക്കണം.

വിശ്വാസികളുടെ സമൂഹമായ സഭ ദൈവജനത്തിന്റെ കൂട്ടായ്മയാണ്. അതുകൊണ്ട് സഭയെ സ്ഥാപനവത്കരിക്കുന്ന പ്രവണതകൾ പ്രോത്സാഹിപ്പിക്കപ്പെടരുത്. നിലനില്ക്കുന്ന സംവിധാനങ്ങൾക്കപ്പുറം നമുക്ക് ഒന്നും ചെയ്യാനില്ല എന്ന കാഴ്ച്ചപ്പാടുകൾ മാറണം. യേശുക്രിസ്തുവിൽ കേന്ദ്രീകൃതമായതും എപ്പോഴും സജീവവുമായ സുവിശേഷചൈതന്യം സഭയുടെ സ്ഥാപനങ്ങളിലും പ്രവർത്തനങ്ങളിലും നിറഞ്ഞു നില്ക്കണം

വിശ്വാസ പരിശീലനം സഭയുടെ സുപ്രധാന ദൗത്യങ്ങളിൽ ഒന്നാണ്. കാലോചിതവും ക്രിസ്തു സാക്ഷ്യത്തിന് ഉപകരിക്കുന്നതുമായ വിശ്വാസപരിശീലനം കുട്ടികൾക്കും യുവജനങ്ങൾക്കും ലഭിക്കത്തക്കവിധം

www.malankaralibrary.com



മതബോധന സംവിധാനങ്ങൾ പരിഷ്കരിക്കേണ്ടതുണ്ട്. ജ്ഞാന സ്നാനത്തിന്റെ ഫലങ്ങളെ മുറുകെപ്പിടിച്ച് യേശുവിനെ രക്ഷകനും നാഥനുമായി ഏറ്റുപറഞ്ഞ് ജീവിക്കാനും ദൈവസ്നേഹത്തിലും പരസ്നേഹത്തിലും ഊന്നിയ പ്രേഷിതചൈതന്യത്തിൽ വളർന്നുവരാനും സഹായിക്കുന്ന വിധമാകണം വിശ്വാസപരിശീലനം. വൈദിക-സന്ന്യസ്ത-അല്മായ-യുവജന പരിശീലന മേഖലകളും അപ്രകാരം തന്നെയാകണം.

കോവിഡു കാലം സൃഷ്ടിച്ച മുറിവുകളാൽ തളർന്നുപോയ ധാരാളം കുടുംബങ്ങളുണ്ട് 'ഹോം മിഷൻ' ഉൾപ്പെടെയുള്ള സഭയുടെ കുടുംബ പ്രേഷിത ശുശ്രൂഷകൾ സജീവമാകണം. അജപാലനപരമായ 'സന്ദർശന'ത്തിനപ്പുറത്ത് ആത്മീയ 'സ്ഥിരം സാന്നിധ്യ'ത്തിലേക്ക് ഉയരാൻ ശുശ്രൂഷാനേതൃത്വത്തിനു കഴിയണം.

ദിവ്യബലിയിലുള്ള പങ്കാളിത്തമാണ് ക്രൈസ്തവ സമൂഹത്തിന്റെ കേന്ദ്രം. ദൈവവചനപ്രഘോഷണം കൂദാശ കളുടെ പരികർമ്മം, പ്രാർത്ഥനകൾ, ധ്യാനങ്ങൾ, എന്നിവയിലെല്ലാം സഭാംഗങ്ങളെ മുഴുവൻ പങ്കാളികളാക്കുന്നതിന് അവസരങ്ങളൊരുക്കണം. ക്രിസ്തീയ ആനന്ദത്തോടും പ്രത്യാശയോടും കൂടെ ജീവിക്കാനും ക്രിസ്തുവിനു സാക്ഷ്യം വഹിക്കാനും ആദ്ധ്യാത്മിക മേഖലയിൽ ഉണർവുണ്ടാകുക എന്നത് ഒഴിച്ചുകൂടാനാവാത്ത കാര്യമാണ്.

ദരിദ്രരും പാർശ്വവത്കരിക്കപ്പെട്ടവരും അനാഥരും വിധവകളും രോഗികളും നിരാലംബരും വൃദ്ധജനങ്ങളും ഭവന രഹിതരും പീഡന ങ്ങൾ ഏല്ക്കുന്നവരും കുഞ്ഞുങ്ങളുമെല്ലാം എക്കാലവും സഭയുടെ പ്രേഷിത ശുശൂഷകളിൽ പ്രഥമ പരിഗണന അർഹിക്കുന്നവരാണ്. 'ദരിദ്രന്റെ വിലാപം സഭയുടെ പ്രത്യാശയുടെ വിലാപമാണ്' എന്ന് ഫ്രാൻസിസ് പാപ്പാ സഭാമക്കളെ ഓർമ്മി പ്പിക്കുന്നു. 'ക്രിസ്തുവിന്റെ സ്നേഹം ഞങ്ങൾക്ക് ഉത്തേജനം നൽകുന്നു' (1കോറി 5:14) എന്ന പൗലോസിന്റെ മനോഭാവമാണ് സാമൂഹ്യ ശുശ്രൂഷകളിലും പരിസ്ഥിതി സംരക്ഷണത്തിലും എന്നും സഭ പുലർത്തിപോന്നിട്ടുള്ളത്.

കേരള സഭാനവീകരണത്തിന്റെ ഭാഗമായി നടക്കുന്ന ഒരുക്ക പരിപാടികൾക്ക് സംസ്ഥാനതലത്തിലും രൂപതാ തലത്തിലും ഇടവക

www.malankaralibrary.com



തലത്തിലുമൊക്കെ ടീമുകളെ രൂപപ്പെടുത്തേണ്ടതുണ്ട്. ഓരോ രൂപതയിലെയും പ്രത്യേകസാഹചര്യങ്ങൾ കൂടി കണക്കിലെടുത്തു കൊണ്ടാണ് നവീകരണ പ്രക്രിയകൾ നടക്കേണ്ടത്.

ആഗോള സിനഡ് ലക്ഷ്യംവയ്ക്കുന്നതുപോലെ, കേരളസഭയിലും സംവാദത്തിന്റെയും പരസ്പരമുള്ള ശ്രവിക്കലിന്റെയും സമവായത്തിന്റെയും കൂട്ടായ്മയുടെയും സംസ്കാരം ശക്തിപ്രാപിക്കണം. എല്ലാ സംഭാഷണങ്ങളുടെയും കൂടിച്ചേരലുകളുടെയും സഹഗമനത്തിന്റെയും ലക്ഷ്യം അവയിലൂടെയെല്ലാം വെളിപ്പെടുന്ന പരിശുദ്ധാത്മാവിന്റെ സ്വരത്തിന് കാതുകൊടുക്കുന്നതും അതനുസരിച്ചുള്ള നടപടികൾ സ്വീകരി ക്കുന്നതുമായിരിക്കണം. ഓരോരുത്തരുടെയും വിളിക്കനുസൃതമായ ശുശ്രൂഷയുടെ അരൂപിയിൽ സഭാംഗങ്ങളുടെ കൂട്ടായഉത്തരവാദിത്തം വളർത്തപ്പെടണം. ഇതര മതങ്ങളോടും ഇതര സമുദായങ്ങളോടും സഭ എന്നും പുലർത്തിപോന്നിട്ടുള്ള സാഹോദര്യത്തിന്റെയും സംവാദത്തിന്റെയും ശൈലികൾ കൂടുതൽ പരിപോഷിപ്പിക്കപ്പെടണം. അങ്ങനെ കേരളസഭയിൽ ആരംഭിക്കുന്ന ഈ നവീകരണ കാലഘട്ടം കൂടുതൽ ഊർജസ്വലതയോടെ ക്രിസ്തുവിന് സാക്ഷ്യം നൽകാൻ നമ്മെ ശക്തരാക്കട്ടെ.

എല്ലാവർക്കും ദൈവാനുഗ്രഹം പ്രാർത്ഥിച്ചുകൊണ്ട്,

സ്നേഹാദരങ്ങളോടെ,

**കർദിനാൾ ജോർജ് ആലഞ്ചേരി**
കെസിബിസി പ്രസിഡന്റ്

**ബിഷപ്പ് വർഗീസ് ചക്കാലക്കൽ**
കെസിബിസി വൈസ് പ്രസിഡന്റ്

**ബിഷപ്പ് ജോസഫ് മാർ തോമസ്**
കെസിബിസി സെക്രട്ടറി ജനറൽ

**കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം**
**പി.ഒ.സി., കൊച്ചി - 682 025**

www.malankaralibrary.com



# THE SYRO-MALANKARA CATHOLIC CHURCH
# EPARCHY Of PATHANAMTHITTA

**Most Rev.Dr.Samuel Mar Irenios**
Bishop of Pathanamthitta

**Catholic Bishop's House**
Pathanamthitta - 689 645
Ph: 04682-223100, 2223200

Prot. No. CL 07 / 2022

## സർക്കുലർ

• • • • • • • • • •

# കുടുംബങ്ങൾക്കൊരു കത്ത്

"*അപ്പസ്തോലന്മാരും പ്രവാചകന്മാരുമാകുന്ന അടിത്തറമേൽ പണിതുയർത്തപ്പെട്ടവരാണ് നിങ്ങൾ: ഈ അടിത്തറയുടെ മൂലക്കല്ല് ക്രിസ്തുവാണ്. ക്രിസ്തുവിൽ ഭവനമൊന്നാകെ സമന്വയിക്കപ്പെട്ടിരിക്കുന്നു: കർത്താവിൽ പരിശുദ്ധമായ ആലയമായി അതു വളർന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. പരിശുദ്ധാത്മാവിൽ ദൈവത്തിന്റെ വാസസ്ഥലമായി നിങ്ങളും അവനിൽ പണിയപ്പെട്ടുകൊണ്ടിരിക്കുന്നു.*" എഫേ 2, 20-22

സ്നേഹം നിറഞ്ഞ കുടുംബാംഗങ്ങളേ,

നിങ്ങൾക്ക് സുഖമാണെന്ന് വിശ്വസിക്കുന്നു. അതിനായി ഞാൻ പ്രത്യേകം പ്രാർത്ഥിക്കുന്നു. പുതുവർഷത്തിന്റെ മംഗളങ്ങൾ പ്രാർത്ഥനാപൂർവ്വം നേരുന്നു. നമ്മുടെ രൂപത സ്ഥാപിതമായിട്ട് 12 വർഷങ്ങൾ പൂർത്തിയാകുകയാണ്. കഴിഞ്ഞ നാളുകളിൽ നാം അനുഭവിച്ച ദൈവപരിപാലനയ്ക്കും കരുതലിനും ദൈവതിരുമുമ്പിൽ നന്ദിയോടെ കൈകൂപ്പാം. നിങ്ങളെല്ലാവരുടെയും അകമഴിഞ്ഞ സഹകരണമാണ് നമ്മുടെ രൂപത ഇന്നുള്ള വളർച്ച നേടുന്നതിന് നിദാനമായത്. എല്ലാവരെയും ഞാൻ നന്ദിയോടെ കാണുന്നു.

മലങ്കര സുറിയാനി കത്തോലിക്കാ സഭ 2030 ൽ ശതാബ്ദിയിലേക്ക് പ്രവേശിക്കുകയാണല്ലോ. അതിനുള്ള തീവ്രമായ ഒരുക്കം നടത്താനുള്ള അവസരമാണിത്. കുടുംബങ്ങളിലാണ് ഈ ഒരുക്കം ആരംഭിക്കേണ്ടത്. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ രണ്ടാമത് സഭാ അസംബ്ലി

www.malankaralibrary.com



നല്കുന്ന സന്ദേശം നമ്മുടെ കുടുംബങ്ങൾ കൃപ നിറയുന്ന കുടുംബങ്ങളായി പോഷിപ്പിക്കപ്പെടണമെന്നുള്ളതാണ്. സഭ തന്നെ ഒരു കുടുംബമെന്ന അവബോധം വളർത്തിയെടുക്കണം. അതുവഴി എല്ലാവരിലും എന്റെ സഭയെന്ന വികാരം ജ്വലിച്ചു നിൽക്കാനിടയാകണം. സമുദായത്തോടും സഭയോടുമുള്ള പ്രതിബദ്ധത കാത്തുസൂക്ഷിക്കാനും ഉന്നമനത്തിനായി പ്രവർത്തിക്കാനും നാം പ്രതിജ്ഞാബദ്ധരാകണം. എന്നാൽ ആധുനിക കാലഘട്ടമുയർത്തുന്ന വെല്ലുവിളികളെ ചെറുത്തു നിൽക്കാൻ കേരള സഭ ഇന്ന് ശക്തമല്ല. സഭയുടെ ശാക്തീകരണമാണ് നാം ലക്ഷ്യം വയ്ക്കേണ്ട പരമപ്രധാനമായ കാര്യം. ഈ ശാക്തീകരണം സാധ്യമാകുന്നത് ഓരോ കുടുംബത്തിന്റെയും വിശുദ്ധീകരണത്തിലൂടെയാണ്. സഭയുടെ ശാക്തീകരണത്തിന് ഓരോ വ്യക്തിയും കുടുംബവും നവീകരിക്കപ്പെട്ട് സഭയോട് ചേർന്നു നില്ക്കുകയാണ് ഒന്നാമത് വേണ്ടത്. ഇതിന് കുടുംബത്തിന്റെ ആധ്യാത്മികാന്തരീക്ഷം ബലപ്പെടുത്തണം. യാമ പ്രാർത്ഥന, കൂദാശാ സ്വീകരണം, നോമ്പനുഷ്ഠാനങ്ങൾ, സമ്പത്തിന്റെ ദശാംശം പങ്കു വച്ച് കാരുണ്യ ശുശ്രൂഷകളിൽ പങ്കാളികളാകുക തുടങ്ങി നിരവധിയായ ആത്മീയ മാർഗ്ഗങ്ങളിലൂടെ സഭാത്മകമായ ആത്മീയതയിൽ ഓരോ വ്യക്തിയും കുടുംബം മുഴുവനായും കരുത്താർജ്ജിക്കണം. ഇപ്രകാരം ആത്മീയ തീക്ഷണതയിൽ സ്ഫുടം ചെയ്ത ഒരു വിശുദ്ധ കുടുംബമായി നമ്മുടെ ഭവനം മാറണം. നമ്മുടെ രൂപതാ ദിനാചരണവും ശതാബ്ദി ആഘോഷങ്ങളുമെല്ലാം പൂർണ്ണമാകുന്നത് മുഴുവൻ കുടുംബങ്ങളും ഇപ്രകാരം വിശുദ്ധിയും അഭിഷേകവും നിറഞ്ഞ കുടുംബങ്ങളാകുമ്പോഴാണ്.

ഈ വർഷം എല്ലാ കുടുംബങ്ങളിലും രൂപതാ ദിനത്തിന്റെ ഭാഗമായി നിങ്ങൾക്കുള്ള സമ്മാനമാണ് ഇതോടൊപ്പമുള്ള പ്രയർ കിറ്റ്. നമ്മുടെ ആത്മീയ വളർച്ചയ്ക്ക് ഉപയുക്തമായ ആശീർവദിക്കപ്പെട്ട ജപമാല, വി. കുർബാന ക്രമം, പ്രാർത്ഥനക്രമം എന്നിവയും ഉപവി പ്രവർത്തനങ്ങളെ സഹായിക്കുന്നതിലേക്ക് നമ്മുടെ ദശാംശം നീക്കിവെയ്ക്കാനുതകുന്ന ഒരു വഞ്ചിയുമാണ് ഈ കിറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രാർത്ഥനയിലൂടെയും പരസ്നേഹ പ്രവർത്തികളിലൂടെയുമാണല്ലോ വരപ്രസാദത്തിൽ വളരാൻ നമുക്ക് കഴിയുന്നത്. ചെറിയ പ്രാർത്ഥനാ പുസ്തകത്തിൽ എല്ലാ യാമ പ്രാർത്ഥനകളും, മാതാവിന്റെ ജപമാല, കരുണക്കൊന്ത, രക്തകണ്ണീർ ജപമാല, സകലവിശുദ്ധരുടേയും ലുത്തീനിയ, വി.മിഖായേലിനോടുള്ള പ്രാർത്ഥന, സന്ദർഭോചിതമായ മറ്റു പ്രാർത്ഥനകൾ തുടങ്ങി അത്യാവശ്യമായവ ചേർത്തിട്ടുണ്ട്. ഈ പുസ്തകത്തിന്റെ അവസാനപേജിൽ പത്തനംതിട്ട രൂപതയ്ക്കുവേണ്ടിയുള്ള പ്രത്യേക പ്രാർത്ഥനയും ഉണ്ട്. ഇത് അനുദി

www.malankaralibrary.com



നപ്രാർത്ഥനയുടെ ഭാഗമാക്കി പ്രാർത്ഥനയിലൂടെ നമ്മുടെ രൂപതയുടെ ശുശ്രൂഷകളെ ബലപ്പെടുത്തണം. നമ്മുടെ കുടുംബങ്ങൾ എല്ലാറ്റിലുമുപരി പ്രാർത്ഥനയുടെ കൂടാരങ്ങളായി മാറാൻ ഈ പ്രയർ കിറ്റ് സഹായകമാകുമെന്ന് പ്രത്യാശിക്കുന്നു. വി.കുർബാനക്രമം ഒരുക്കത്തോടെ വി.കർബാനയിൽ സംബന്ധിക്കുന്നതിന് ഏറെ സഹായകമാകും. ക്രിസ്തീയ ആത്മീയതയുടെ കേന്ദ്രമെന്ന നിലയിൽ വി. കുർബനയിലുള്ള സജീവ ഭാഗഭാഗിത്വമാണ് ക്രിസ്തുവിന്റെ ഭൗതിക ശരീരത്തോടും മൗതിക ശരീരത്തോടും നമ്മെ ചേർത്തു നിർത്തുന്നത്. ആശീർവദിക്കപ്പെട്ട ജപമാല ഒരു വിശുദ്ധ ആയുധമായി ഭവനത്തിൽ ഉണ്ടായിരിക്കട്ടെ. മുടങ്ങാതെ ജപമാല പ്രാർത്ഥന ചൊല്ലി അമ്മയുടെ കരംപിടിച്ച് ശക്തരാകാൻ ഈ ആയുധം ഏറെ സഹായകമാകും. കുരിശിൽ കിടന്നുകൊണ്ട് പുത്രൻ തമ്പുരാൻ നമുക്കായി നല്കിയ പരിശുദ്ധ അമ്മ ജീവിതത്തിലെ കുരിശനുഭവങ്ങളിൽ തളർന്നുപോകാതെ നമ്മെ ബലപ്പെടുത്തും.

നമ്മുടെ കുടുംബങ്ങൾ പ്രാർത്ഥനയുടെയും ഹൃദ്യമായ പരസ്പര സ്നേഹബന്ധത്തിന്റെയും ഇടമാകുന്നു. ഇത് ഒരു ബലിവേദിയാണ്. കുടുംബത്തിൽ ഓരോരുത്തർക്കും അർഹമായ സ്നേഹബഹുമാനങ്ങൾ നല്കണം. മാതാപിതാക്കളും വൃദ്ധരും നമ്മുടെ പ്രത്യേക ശ്രദ്ധ അർഹിക്കുന്നവരാണ്. അവരുടെ ആരോഗ്യവും സംരക്ഷണവും ഉറപ്പാക്കാനുള്ള ഉത്തരവാദിത്വം നമുക്കുണ്ട്. അതുപോലെ തന്നെ കുഞ്ഞുങ്ങൾ ദൈവവിളി തിരിച്ചറിയാൻ പ്രത്യേകം ശ്രദ്ധ നല്കണം. ദൈവവിളി പ്രോത്സാഹിപ്പിക്കുന്ന അന്തരീക്ഷം കുടുംബങ്ങളിൽ നിലനിർത്താൻ മാതാപിതാക്കൾ പ്രത്യേകം ഉത്സാഹിക്കണം. ഉത്തമ കുടുംബങ്ങളിൽ നിന്നാണ് നല്ല ദൈവവിളികൾ ഉണ്ടാകുന്നത്. ഇത് മാതാപിതാക്കൾ ഗൗരവമായി എടുക്കേണ്ടതാണ്. നമ്മുടെ യുവതിയുവാക്കൾ നല്ലപ്രായത്തിൽ വിവാഹിതരാകാനും മാതാപിതാക്കളാകാനും പ്രത്യേക ശ്രദ്ധവേണം. ജീവന്റെ പോഷണം കുടുംബങ്ങളിൽ ഉറപ്പാക്കണം. വലിയ കുടുംബങ്ങൾ സമ്പന്നമായ കുടുംബങ്ങൾ എന്നബോധ്യം ഉറപ്പിച്ചെടുക്കണം. മക്കളെ ദൈവം നല്കുന്ന സമ്മാനങ്ങളായി സ്വീകരിക്കണം. വലിയ കുടുംബങ്ങളെ സഭയായി നാം പ്രോത്സാഹിപ്പിക്കുകയും പിന്തുണയ്ക്കുകയും വേണം.

കിറ്റിലുള്ള വഞ്ചി കുടുംബത്തിന്റെ ദശാംശം ജീവകാരുണ്യ ശുശ്രൂഷയ്ക്കായി നിക്ഷേപിക്കാനുള്ളതാകുന്നു. വിവാഹം, ജന്മദിനം, വാർഷികാഘോഷങ്ങൾ പോലെയുള്ള വിശേഷാവസരങ്ങളിൽ ഈ വഞ്ചിയിൽ പണം നിക്ഷേപിക്കാനും അങ്ങനെ ജീവകാരുണ്യ പ്രവർത്തനങ്ങളിൽ പങ്കാളിക


www.malankaralibrary.com



ളായി അനുഗ്രഹീതരാകാനും ശ്രദ്ധിക്കണം. പത്തനംതിട്ട രൂപത ഏറ്റെടുത്തിട്ടുള്ള **സാന്തോം ഭവനപദ്ധതി**ക്കുവേണ്ടി ഈ നിക്ഷേപം ഉപയോഗിക്കും. താമസയോഗ്യമായ ഭവനങ്ങൾ ഇല്ലാത്ത അഞ്ഞൂറോളം കുടുംബങ്ങൾ നമ്മുടെ രൂപതയിലുണ്ട്. കഴിഞ്ഞ ഒരു വർഷം കൊണ്ട് അമ്പതിലേറെ ഭവനങ്ങൾ നിർമ്മിച്ച് നമുക്ക് നല്കാൻ കഴിഞ്ഞു. എട്ട് വർഷംകൊണ്ട് നാനൂറിലേറെ ഭവനങ്ങൾ നിർമ്മിച്ച് നല്കേണ്ടതുണ്ട്. നമ്മുടെ സഹകരണത്തോടെ മാത്രമേ സുരക്ഷിതമായി കഴിയാൻ വീടില്ലാത്ത നമ്മുടെ സഹോദരങ്ങൾക്ക് ഭവനമുണ്ടാവുകയുള്ളു എന്ന് നാം ഓർക്കണം. അതുകൊണ്ട് തന്നെ സഹോദരങ്ങളോടുള്ള ഈ ഉത്തരവാദിത്വം നിറവേറ്റി നാം അനുഗ്രഹീതരായി തീരണം.

നമ്മുടെ കുടുംബങ്ങൾ കൃപയിൽ നിറയാനും അങ്ങനെ തിരുസഭയാകുന്ന കുടുംബം മുഴുവനും സാക്ഷ്യം നല്കുന്ന സമൂഹമായി വളർന്നു വരാനും ഈ രൂപതാ ദിനാചരണം നമ്മെ സഹായിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു. നിങ്ങളുടെ ഭവനത്തിലുള്ള ഓരോ വ്യക്തികളെയും ഞാൻ പ്രാർത്ഥനയിൽ ഓർക്കുന്നു. ദൈവാനുഗ്രഹങ്ങൾ ഉണ്ടാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു. കുഞ്ഞുങ്ങളോട് ഞാൻ പ്രത്യേകം വാത്സല്യം അറിയിക്കുന്നു. പരിശുദ്ധാത്മാവിന്റെ പ്രത്യേക അഭിഷേകത്തിൽ ആദിമസഭയുടെ ചൈതന്യത്തിലേക്ക് മടങ്ങിപോകാനും നമ്മുടെ രൂപതയും സഭയും കൂടുതൽ ആത്മീയമായി വളരാനും ഇടയാകട്ടെയെന്ന് ആശംസിക്കുന്നു.

**സ്നേഹപൂർവ്വം നിങ്ങളുടെ വൽസല പിതാവ്,**



**ഡോ. സാമുവേൽ മാർ ഐറേനിയോസ്**

**പത്തനംതിട്ട രൂപതാധ്യക്ഷൻ**

ജനുവരി 11, 2022

www.malankaralibrary.com



# THE SYRO-MALANKARA CATHOLIC CHURCH
# EPARCHY Of PATHANAMTHITTA

**Most Rev.Dr.Samuel Mar Irenios**
Bishop of Pathanamthitta

**Catholic Bishop's House**
Pathanamthitta - 689 645
Ph: 04682-223100, 2223200

Prot. No. CL 06 /

## സർക്കുലർ

## രൂപതാദിനം – 2022

കർത്താവിൽ പ്രിയരെ,

പത്തനംതിട്ട രൂപത സ്ഥാപിതമായിട്ട് 12 വർഷങ്ങൾ പൂർത്തിയാകുന്നു. ഒരു വ്യാഴവട്ടക്കാലം നമ്മെ അത്ഭുതകരമായി വഴി നടത്തിയ സർവ്വശക്തനായ ദൈവത്തിന് നമുക്ക് നന്ദി പറയാം. നേരത്തെ അറിയിച്ചിട്ടുള്ളതുപോലെ ഈ വർഷവും നമ്മുടെ രൂപതാദിന കളക്ഷൻ സാന്തോം ഭവന പദ്ധതിയിലേക്കാണ് നാം മാറ്റിവയ്ക്കുന്നത്. മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളിലൊന്നാണല്ലോ സുരക്ഷിതമായ പാർപ്പിടം. കൃപ നിറയുന്ന കുടുംബങ്ങൾ എന്ന വിഷയത്തെ അധികരിച്ച് മലങ്കര സുറിയാനി കത്തോലിക്കാ സഭ നടത്തിയ രണ്ടാമത് അസംബ്ലിയുടെ ഭാഗമായി രൂപതാ തലത്തിൽ നടന്ന അസംബ്ലിയിൽ കുടുംബങ്ങൾ കൃപ നിറയുന്നവയാകാൻ ഭൗതിക സാഹചര്യങ്ങൾ കൂടി ശരിയായ രീതിയിൽ ക്രമീകരിക്കപ്പെടണമെന്നും അത് ആത്മീയതയുമായി ബന്ധപ്പെട്ട വിഷയമാണെന്നും തിരിച്ചറിയുകയുണ്ടായി. അത്തരം സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ഇടവകാംഗങ്ങളുടെ സാമൂഹിക സാമ്പത്തിക സ്ഥിതി പഠന വിധേയമാക്കി. ഭവന നിർമ്മാണ സഹായം ആവശ്യമുള്ള കുടുംബങ്ങളെ മൂന്നു ഗണങ്ങളായി തിരിച്ചിട്ടുണ്ട്.

1. വീടും 1. വസ്തുവും ഇല്ലാത്തവർ
2. വസ്തുവുണ്ട് എന്നാൽ വീടില്ലാത്തവർ
3. അടിയന്തിരമായി നവീകരിക്കേണ്ട വീടുകൾ

രൂപതാ ദിനത്തിന്റെ ഭാഗമായി നാം ഏറ്റെടുത്തിട്ടുള്ള എല്ലാവർക്കും

www.malankaralibrary.com



താമസ യോഗ്യമായ ഭവനം എന്ന പദ്ധതി (സാന്തോം ഭവന പദ്ധതി) കൂടുതൽ ഉത്സാഹത്തോടെ നാം മുന്നോട്ട് കൊണ്ടുപോകേണ്ടിയിരിക്കുന്നു. ഓരോ കുടുംബവും ഇതിന്റെ വിജയത്തിനായി ആത്മാർത്ഥമായി പ്രാർത്ഥിക്കണം. സാമ്പത്തിക സഹായം നല്കി പങ്കാളികളാകണം. ഇതിനു വേണ്ടി വർഷം മുഴുവൻ മാറ്റി വയ്ക്കുന്ന ദശാംശം നിക്ഷേപിക്കുന്നതിന് നമ്മുടെ എല്ലാ ഭവനങ്ങളിലും കാണിക്ക വഞ്ചി എത്തിക്കുന്നതാണ്. നമ്മുടെ സഹായമില്ലാതെ സുരക്ഷിതമായ ഭവനം എന്ന സ്വപ്നം സാക്ഷാത്കരിക്കാൻ സാധിക്കാത്ത അനേകരെ സഹായിക്കുന്നതിനുള്ള ഈ അവസരം ഉപയോഗപ്പെടുത്തി അനുഗ്രഹീതരായി തീരണമെന്ന് ഹൃദയപൂർവ്വം അഭ്യർത്ഥിക്കുന്നു. ദൈവരാജ്യ ശുശ്രൂഷയ്ക്കു വേണ്ടി നിങ്ങൾ നിക്ഷേപിക്കുന്ന സംഭാവന 2022 ഡിസംബറിൽ ശേഖരിക്കുന്നതാണ്. ഏകദേശം അഞ്ഞൂറോളം കുടുംബങ്ങൾക്കാണ് ആദ്യ ഘട്ടത്തിൽ സഹായം ആവശ്യമുള്ളത്. ഇതുവരെ അമ്പതിലേറെ കുടുംബങ്ങളെ സഹായിക്കാൻ നമുക്ക് കഴിഞ്ഞു. തുടർന്നും കൂടുതൽ ജീവകാരുണ്യ പ്രവർത്തനങ്ങൾ ചെയ്യാൻ രൂപതാ ദിനം സഹായകമാകട്ടെയെന്നാഗ്രഹിക്കുന്നു.

പത്തനംതിട്ട രൂപതാസ്ഥാപനത്തിന്റെ പന്ത്രണ്ടാം വാർഷികം ആഘോഷിക്കുന്ന ഈ അവസരത്തിൽ പ്രാർത്ഥനാപുസ്തകങ്ങളും ജപമാലയും സമ്മാനമായി ഓരോ ഭവനത്തിലും എത്തിക്കുന്നതാണ്.

നമ്മുടെ രൂപതയുടെ ഈ വർഷത്തെ രൂപതാദിനാഘോഷങ്ങൾ 2022 ജനുവരി 16 മുതൽ 25 വരെയാണ് നടത്തപ്പെടുന്നത്. ജനുവരി 16 ഞായറാഴ്ച രാവിലെ 9.30 ന് കടമ്മനിട്ട ദേവാലയത്തിന്റെ ഓഡിറ്റോറിയത്തിൽ വച്ച് അല്മായ സംഗമം നടക്കും. ഓരോ ഇടവകയിൽ നിന്നും ട്രസ്റ്റി, സെക്രട്ടറി ഉൾപ്പെടെ 5 പേർ പങ്കെടുക്കേണ്ടതാണ്. അവരോടൊപ്പം എല്ലാ സംഘടനകളുടെയും വൈദിക ജില്ലാ ഭാരവാഹികളും ഇതിൽ സംബന്ധിക്കണം. അദീലാബാദ് രൂപതാധ്യക്ഷൻ അഭിവന്ദ്യ പ്രിൻസ് പാണേങ്ങാടൻ പിതാവ് ക്ലാസ് നയിക്കുന്നതാണ്.

ജനുവരി 17 മുതൽ 19 വരെ താഴെ നല്കിയിരിക്കുന്ന ക്രമമനുസരിച്ച് വൈദിക ജില്ലകളിൽ ഞാൻ സന്ദർശനം നടത്തുന്നതാണ്. എല്ലാ ബഹുമാനപ്പെട്ട വികാരി അച്ചന്മാരും സിസ്റ്റേഴ്സും ജില്ലാ അജപാലന സമിതി

www.malankaralibrary.com



അംഗങ്ങളും അതാതതു ജില്ലകളിലുള്ള സമ്മേളനത്തിൽ പങ്കെടുക്കണം. ആഗോള തലത്തിൽ തിരുസഭ Synodality in the life and mission of the Church എന്ന വിഷയം പഠനവിധേയമാക്കുന്ന പശ്ചാത്തലത്തിൽ വൈദിക ജില്ലാ തലങ്ങളിൽ ഈ വിഷയം ചർച്ച ചെയ്യാനും കൂടുതൽ ആളുകളിലേക്കും സഭയുടെ സമസ്ത തുറകളിലേക്കും ഈ വിഷയം എത്തിക്കാനും നമ്മുടെ കൂട്ടായ പരിശ്രമം ആവശ്യമാണല്ലോ. വൈദിക ജില്ലാ തലത്തിലുള്ള കൂടിവരവ് ഈ ലക്ഷ്യം സാധിതമാക്കാൻ സഹായകമാകുമെന്ന് പ്രതീക്ഷിക്കുന്നു. സന്ദർശനത്തിനുള്ള ക്രമീകരണം ചുവടെ ചേർക്കുന്നു.

| തീയതി | സമയം | വൈദിക ജില്ല | സ്ഥലം |
|---|---|---|---|
| ജനുവരി 17 | 9.30 am | സീതത്തോട് | സീതത്തോട് |
| ജനുവരി 17 | 2.30 pm | റാന്നി- പെരുനാട് | വടശ്ശേരിക്കര |
| ജനുവരി 18 | 9.30 am | കോന്നി | വകയാർ |
| ജനുവരി 18 | 2.30 pm | പത്തനംതിട്ട | കത്തീഡ്രൽ |
| ജനുവരി 19 | 2.30 pm | പന്തളം | പന്തളം |

2022 ജനുവരി 22 ശനിയാഴ്ച രാവിലെ 9:30 ന് കടമ്മനിട്ട ദേവാലയത്തിന്റെ ഓഡിറ്റോറിയത്തിൽ വച്ച് വിശ്വാസ പരിശീലന അധ്യാപകർക്കുള്ള പഠനശിബിരം നടത്തപ്പെടും. പത്തനംതിട്ട രൂപതയിലെ ദേവാലയങ്ങളിൽ വിശ്വാസ പരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാ ക്യാറ്റക്കിസം പ്രഥമാധ്യാപകരും, അധ്യാപകരും, ബഹു. സിസ്റ്റേഴ്സും നിർബന്ധമായും ഇതിൽ സംബന്ധിക്കണം. ചങ്ങനാശ്ശേരി അതിരൂപതാ സഹായ മെത്രാൻ അഭിവന്ദ്യ തോമസ് തറയിൽ പിതാവ് ക്ലാസ് നയിക്കും.

ജനുവരി 23 ഞായറാഴ്ച നമ്മുടെ എല്ലാ ഇടവകകളിലും രൂപതാദിനം ആഘോഷിക്കണം. അന്നേ ദിവസം രൂപതയ്ക്കു വേണ്ടി ദിവ്യ ബലിയർപ്പിച്ച് പ്രാർത്ഥിക്കാൻ ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

2022 ജനുവരി 25 ചൊവ്വാഴ്ച നമ്മുടെ കത്തീഡ്രൽ ദേവാലയത്തിൽ

www.malankaralibrary.com



രാവിലെ 7.30 വി.കുർബാന അർപ്പിക്കുന്നതാണ്. നമ്മുടെ എല്ലാ ബഹുമാനപ്പെട്ട അച്ചന്മാരും ഇതിൽ സഹകാർമ്മികരാകണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു. നമ്മുടെ സ്ഥാപനങ്ങൾക്കും സംഘടനകൾക്കും രൂപതാദിനാചരണത്തിന്റെ ഭാഗമായി അരമനയിൽ വന്ന് രൂപതാധ്യക്ഷനെ കാണുന്നതിനും ജീവകാരുണ്യ പ്രവർത്തനങ്ങളിൽ സഹകരിക്കുന്നതിനുമുള്ള അവസരം വ്യക്തികൾക്കും കുടുംബങ്ങൾക്കും ഉണ്ടായിരിക്കുന്നതാണ്. ഇതിന്റെ സമയ ക്രമീകരണം ഈ സർക്കുലറിനോടൊപ്പം ചേർക്കുന്നു.

ഈ ക്രമീകരണങ്ങളോട് സഹകരിച്ച് രൂപതാദിനാചരണം അനുഗ്രഹപ്രദമാക്കാൻ ഞാൻ ഏവരെയും ആഹ്വാനം ചെയ്യുന്നു. സർവ്വശക്തനായ ദൈവം ഏവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

ക്രിസ്തുവിൽ സ്നേഹപൂർവ്വം,

ഡോ. സാമുവേൽ മാർ ഐറേനിയോസ്

പത്തനംതിട്ട രൂപതാധ്യക്ഷൻ

ഡിസംബർ 31, 2021

www.malankaralibrary.com



Ref: 3669/K-5/KCBC/OL/DS

28 February 2022

## പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പായുടെ 2022–ലെ നോമ്പുകാലസന്ദേശം

പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ,

യേശുക്രിസ്തുവിന്റെ മരണത്തിന്റെയും ഉയിർപ്പിന്റെയും പെസഹാ രഹസ്യത്തിലേക്കു നമ്മെ നയിക്കുന്ന നോമ്പുകാലം വ്യക്തിപരവും സാമൂഹ്യവുമായ നവീകരണത്തിനു അനുയോജ്യമായ സമയമാണ്. 2022–ലെ നമ്മുടെ നോമ്പുകാലയാത്രയ്ക്ക് ഉപകരിക്കുംവിധം വിശുദ്ധ പൗലോസ് ഗലാത്തിയാക്കാർക്കു നല്കിയ ആഹ്വാനം വിചിന്തനവിഷയമാക്കാം: "*നന്മ ചെയ്യുന്നതിൽ മടുപ്പുതോന്നാതിരിക്കട്ടെ. കാരണം, തളരാതിരുന്നാൽ നമുക്ക് യഥാകാലം വിളവെടുക്കാം. ആകയാൽ നമുക്ക് അവസരം (കയിറോസ്) ലഭിച്ചിരിക്കുന്നതുകൊണ്ട് സകല മനുഷ്യർക്കും നന്മ ചെയ്യാം*" *(ഗലാ 6:9–10).*

### 1. വിതയ്ക്കുന്നതും കൊയ്യുന്നതും

യേശുവിനു പ്രിയങ്കരമായിരുന്ന വിതയ്ക്കലും കൊയ്യലും എന്ന ചിത്രം (മത്താ 13 കാണുക) അപ്പസ്തോലൻ ഈ വാക്കുകളിൽ ഉപയോഗപ്പെടുത്തുന്നു. വിശുദ്ധ പൗലോസ് ഒരു അവസരത്തെക്കുറിച്ച് (കയിറോസ്) നമ്മോടു പറയുന്നു, അതായത്, ഭാവിയിലുണ്ടാകാനിരിക്കുന്ന ഒരു കൊയ്ത്തിനുവേണ്ടി തക്കസമയത്ത് നടത്തുന്ന ഒരു വിതയ്ക്കലിനെകുറിച്ച്. ഏതാണ് നമ്മുടെ അവസരം? നോമ്പുകാലം തീർച്ചയായും അപ്രകാരമൊരു അവസരമാണ്; എന്നാൽ അതുപോലെതന്നെയാണ് നമ്മുടെ മുഴുവൻ അസ്തിത്വവും; നോമ്പുകാലം അതിന്റെ ഒരുതരത്തിലുള്ള ഒരു പ്രതിരൂപമാണ്. പലപ്പോഴും നമ്മുടെ ജീവിതത്തിൽ, അതിമോഹം, അഹങ്കാരം, സ്വന്തമാക്കാനും കുന്നുകൂട്ടാനും ഉപയോഗപ്പെടുത്താനുമുള്ള താത്പര്യം എന്നിവ മേൽകൈ നേടാറുണ്ട്; സുവിശേഷത്തിലെ ഭോഷനായ മനുഷ്യന്റെ കഥപോലെയാണിത്; തന്റെ അറപ്പുരകളിൽ ശേഖരിച്ചുവച്ചിരുന്ന സമൃദ്ധകാലധാന്യവും വസ്തുക്കളുംവഴി തന്റെ ജീവിതം സ്വസ്ഥവും സുരക്ഷിതവുമാണെന്നു അയാൾ കരുതി (ലൂക്കാ 12:16–21 കാണുക). മാനസാന്തരത്തിലേക്ക്, അഥവാ മനോഭാവവ്യത്യാസത്തിലേക്ക്, നോമ്പുകാലം നമ്മെ ക്ഷണിക്കുന്നു; അങ്ങനെ ജീവിതത്തിന്റെ സത്യവും

www.malankaralibrary.com



സൗന്ദര്യവും എന്നത് സ്വന്തമാക്കുന്നതിലുപരി നല്കുന്നതിലാണെന്നും, കുന്നു കൂട്ടുന്നതിലുപരി വിതയ്ക്കുന്നതിലും നന്മ പങ്കുവയ്ക്കുന്നതിലും ആണെന്നു നാം കണ്ടെത്തുന്നു.

ആദ്യം വിതയ്ക്കുന്നത് ദൈവം തന്നെയാണ്; അവിടന്ന് ഏറെ ഔദാര്യപൂർവം "മാനവകുടുംബത്തിൽ നന്മയുടെ വിത്തുകൾ സമൃദ്ധമായ തോതിൽ വിതച്ചുകൊണ്ടേയിരിക്കുന്നു" (Fratelli Tutti, 54). "സജീവവും ഊർജസ്വലവുമായ" (ഹെബ്രാ 4:12) അവിടത്തെ വചനം സ്വീകരിച്ചുകൊണ്ട്, ദൈവത്തിന്റെ ദാനത്തോടു പ്രത്യുത്തരിക്കാൻ നോമ്പുകാലത്ത് നാം ക്ഷണിക്കപ്പെട്ടിരിക്കുന്നു. നിരന്തരമുള്ള ദൈവവചനശ്രവണം നമ്മെ അവിടത്തെ പ്രവൃത്തിയോട് തുറവും വിധേയത്വവും പുലർത്താൻ ഇടവരുത്തുകയും (യാക്കോ 1:21 കാണുക) നമ്മുടെ ജീവിതങ്ങളിൽ ഫലം പുറപ്പെടുത്തുകയും ചെയ്യുന്നു. ഇതു നമുക്കു വലിയ സന്തോഷം കൊണ്ടുവരുന്നു; അതിലുപരി നമ്മെ ദൈവത്തിന്റെ സഹപ്രവർത്തകരാകാൻ ക്ഷണിക്കുന്നു (1 കോറി 3:9 കാണുക). വർത്തമാനകാലത്തെ നന്നായി പ്രയോജനപ്പെടുത്തിക്കൊണ്ട് (എഫേ 5:16 കാണുക), നമുക്ക് നന്മയുടെ വിത്തുകൾ വിതയ്ക്കാനാകും. നന്മയുടെ വിത്തുകൾ വിതയ്ക്കാനുള്ള വിളി ഒരു ഭാരമായി കണക്കാക്കാൻ പാടില്ല; അത് കൃപയാണ്; അതുവഴി സ്രഷ്ടാവ് തന്റെതന്നെ നിസ്സീമമായ നന്മയോട് സജീവമായി പങ്കുചേരാൻ നമ്മെ ക്ഷണിക്കുന്നു

കൊയ്ത്തിനെകുറിച്ച് എന്താണ് പറയേണ്ടത്? കൊയ്ത്തിനുവേണ്ടിയല്ലേ നമ്മൾ വിത്തു വിതയ്ക്കുന്നത്? തീർച്ചയായും! വിതയ്ക്കലും കൊയ്ത്തും തമ്മിലുള്ള അഭേദ്യമായ ബന്ധത്തെക്കുറിച്ച് പൗലോസ് ഇപ്രകാരം പറയുന്നു: "അല്പം വിതയ്ക്കുന്നവൻ അല്പം മാത്രം കൊയ്യും; അധികം വിതയ്ക്കുന്നവൻ അധികം കൊയ്യും'' (2 കോറി 9:6). എന്നാൽ ഏതുതരം കൊയ്ത്തിനെകുറിച്ചാണ് നാം സംസാരിക്കുന്നത്? നമ്മൾ വിതയ്ക്കുന്ന നന്മയുടെ ഒരു ആദ്യഫലം നമ്മിൽത്തന്നെയും നമ്മുടെ ദൈനംദിന ജീവിതങ്ങളിലും പ്രത്യക്ഷപ്പെടുന്നു, അതായത്, നമ്മുടെ ചെറിയ ദയയുടെ പ്രവൃത്തികളിൽ. ദൈവത്തിൽ സ്നേഹത്തിന്റെ ഒരു പ്രവൃത്തിയും, അത് എത്ര ചെറുതായാലും, "ഔദാര്യപൂർവമായ ഒരു യത്നവും" ഒരിക്കലും നഷ്ടപ്പെടുകയില്ല (*Evangelii Gaudium, 279* കാണുക). ഒരു വൃക്ഷത്തെ അതിന്റെ ഫലങ്ങളിൽ നിന്നു നാം തിരിച്ചറിയുന്നതുപോലെ (മത്താ 7:16.20 കാണുക), നന്മപ്രവൃത്തികളാൽ നിറഞ്ഞ ഒരു ജീവിതം പ്രകാശം പ്രസരിപ്പിക്കുകയും (മത്താ 5:14-16 കാണുക) ക്രിസ്തുവിന്റെ സൗരഭ്യം

www.malankaralibrary.com



ലോകത്തിലേക്കു സംവഹിക്കുകയും ചെയ്യുന്നു (2 കോറി 2:15 കാണുക). പാപത്തിൽനിന്നു മോചിതമായി ദൈവത്തെ ശുശ്രൂഷിക്കുന്നത് എല്ലാവരുടെയും രക്ഷയ്ക്കായുള്ള വിശുദ്ധീകരണത്തിന്റെ ഫലങ്ങൾ പുറപ്പെടുവിക്കുന്നു (റോമാ 6:22 കാണുക).

യഥാർഥത്തിൽ നമ്മൾ വിതയ്ക്കുന്നതിന്റെ ഒരു ചെറിയ അംശം മാത്രമാണ് നാം കാണുന്നത്; എന്തെന്നാൽ, സുവിശേഷത്തിലെ സുഭാഷിതമനുസരിച്ച്, “ഒരുവൻ വിതയ്ക്കുന്നു, മറ്റൊരുവൻ കൊയ്യുന്നു” (യോഹ 4:37). മറ്റുള്ളവരുടെ നന്മയ്ക്കായി നാം വിതയ്ക്കുമ്പോൾ, നാം ദൈവത്തിന്റെ ദയാപൂർവമായ സ്നേഹത്തിൽ പങ്കുചേരുന്നു: “നാം വിതയ്ക്കുന്ന നന്മയുടെ വിത്തുകളുടെ നിഗൂഢ ശക്തിയിൽ പ്രത്യാശ വയ്ക്കുകയെന്നത് യഥാർത്ഥത്തിൽ ശ്രേഷ്ഠമായ കാര്യമാണ്; അങ്ങനെയാണ് മറ്റുള്ളവരാൽ ഫലം കൊയ്തെടുക്കപ്പെടുന്ന പ്രക്രിയകൾ ആരംഭിക്കുന്നതും” (Fratelli Tutti, 196). മറ്റുള്ളവരുടെമേൽ ഉന്നംവച്ചുള്ള നന്മയുടെ വിതയ്ക്കൽ ഇടുങ്ങിയ സ്വാർഥ താത്പര്യത്തിൽ നിന്നു നമ്മെ സ്വതന്ത്രരാക്കുന്നു; അത് നമ്മുടെ പ്രവൃത്തികളിൽ സൗജന്യഭാവം സന്നിവേശിപ്പിക്കുന്നു; അത് നമ്മെ ദൈവത്തിന്റെ ദയാവർപ്പാർന്ന പദ്ധതിയുടെ പ്രൗഢോജ്ജ്വലമായ ചക്രവാളത്തിന്റെ ഭാഗഭാക്കാക്കുന്നു.

ദൈവവചനം നമ്മുടെ കാഴ്ചപ്പാടിനെ വിശാലമാക്കുകയും ഉയർത്തുകയും ചെയ്യും: യഥാർഥമായ കൊയ്ത്ത് യുഗാന്ത്യപരമാണെന്നു അത് നമ്മോടു പറയുന്നു; അതാണ് അസ്തമിക്കാത്ത ദിനത്തിലെ, അവസാനത്തെ കൊയ്ത്ത്. നമ്മുടെ ജീവിതങ്ങളുടെയും പ്രവൃത്തികളുടെയും പാകമായ ഫലം, “നിത്യജീവന്റെ ഫലമാണ്” (യോഹ 4:36); അത് നമ്മുടെ “സ്വർഗത്തിലുള്ള നിക്ഷേപമാണ്” (ലൂക്കാ 12: 33; 18:22). ഫലം പുറപ്പെടുവിക്കുന്നതിനായി നിലത്തു വീണ് അഴിയുന്ന വിത്തിനെകുറിച്ചുള്ള സൂചന തന്റെതന്നെ മരണത്തിന്റെയും ഉയിർപ്പിന്റെയും അടയാളമായി യേശുതന്നെയും ഉപയോഗപ്പെടുത്തുന്നുണ്ട് (യോഹ 12:24 കാണുക). വിശുദ്ധ പൗലോസാകട്ടെ, അതേ അടയാളം ശരീരങ്ങളുടെ ഉയിർപ്പിനെ സംബന്ധിച്ചു സംസാരിക്കുമ്പോൾ ഉപയോഗിക്കുന്നു: “ഇപ്രകാരം തന്നെയാണ് മരിച്ചവരുടെ ഉത്ഥാനവും. നശ്വരതയിൽ വിതയ്ക്കപ്പെടുന്നു, അനശ്വരതയിൽ ഉയിർപ്പിക്കപ്പെടുന്നു. അപമാനത്തിൽ വിതയ്ക്കപ്പെടുന്നു, മഹത്ത്വത്തിൽ ഉയിർപ്പിക്കപ്പെടുന്നു. ബലഹീനതയിൽ വിതയ്ക്കപ്പെടുന്നു, ശക്തിയിൽ ഉയിർപ്പിക്കപ്പെടുന്നു. ഭൗമികശരീരം വിതയ്ക്കപ്പെടുന്നു, ആത്മീയശരീരം ഉയിർപ്പിക്കപ്പെടുന്നു. ഭൗമികശരീരമുണ്ടെങ്കിൽ, ആത്മീയശരീരവുമുണ്ട്” (1

www.malankaralibrary.com



കോറി 15:42–44). ഉത്ഥാനത്തിലുള്ള പ്രത്യാശയാണ് ഉത്ഥിതനായ ക്രിസ്തു ലോകത്തിന്റെ മുമ്പിൽ കൊണ്ടുവരുന്ന വലിയ പ്രകാശം. എന്തെന്നാൽ, "ഈ ജീവിതത്തിനുവേണ്ടി മാത്രം ക്രിസ്തുവിൽ നാം പ്രത്യാശ വച്ചവരാണെങ്കിൽ, നമ്മൾ എല്ലാ മനുഷ്യരെയുംകാൾ ദയനീയരത്രേ. എന്നാൽ നിദ്ര പ്രാപിച്ച എല്ലാവരുടെയും ആദ്യഫലമായി ക്രിസ്തു ഉയിർപ്പിക്കപ്പെട്ടു'' (1 കോറി 15:19–20). അവനുമായി സ്നേഹത്താൽ അഭേദ്യമായി ഒന്നായി ത്തീർന്നതുവഴി, "അവന്റെ മരണത്തിന്റെ സാദൃശ്യത്തോട് നാം ഏകീഭവി ച്ചെങ്കിൽ" (റോമാ 6:5), നിത്യജീവനുവേണ്ടിയുള്ള ഉയിർപ്പിലും നാം അവനോട് ഏകീഭവിച്ചിരിക്കും (യോഹ 5:29 കാണുക). "അപ്പോൾ നീതിമാന്മാർ തങ്ങ ളുടെ പിതാവിന്റെ രാജ്യത്തിൽ സൂര്യനെപ്പോലെ പ്രശോഭിക്കും" (മത്താ 13:43).

**2. "നന്മ ചെയ്യുന്നതിൽ നമുക്കു മടുപ്പുതോന്നാതിരിക്കട്ടെ"**

ക്രിസ്തുവിന്റെ ഉയിർപ്പ് നമ്മുടെ ഭൗമികമായ പ്രത്യാശകളോടൊപ്പം നിത്യ ജീവന്റെ "വലിയ പ്രത്യാശ"യെയും ചൈതന്യവത്താക്കുന്നു; അങ്ങനെ അത് നമ്മുടെ കാലത്തുതന്നെ രക്ഷയുടെ വിത്തുവിതയ്ക്കുന്നു (Benedict XVI, *Spe Salvi*, 3; 7). സ്വപ്നങ്ങൾ തകർക്കപ്പെട്ടതു വഴിയായുള്ള കടുത്ത ഇച്ഛാഭംഗം, നമ്മുടെ മുന്നിലുള്ള വെല്ലുവിളികളെകുറിച്ചുള്ള ഉത്ക ണ്ഠ, നമ്മുടെ കൈവശമുള്ള വിഭവങ്ങളുടെ ദുർഭിക്ഷംമൂലമുള്ള നിരുത്സാ ഹപ്പെടൽ എന്നിവ നമ്മെ സ്വാർഥകേന്ദ്രീയതയിൽ അഭയം തേടാനും അന്യ രുടെ സഹനങ്ങളോട് നിസ്സംഗതയോടെ പെരുമാറാനുമുള്ള പ്രലോഭനം നമ്മിൽ ഉണർത്തിയെന്നുവരാം. എന്നാൽ നമ്മുടെ ഏറ്റവും നല്ല വിഭവശേ ഷിക്കുപോലും പരിമിതികൾ ഉണ്ടെന്നുള്ളതാണ് യഥാർഥ്യം: "യുവാക്കൾ പോലും തളരുകയും ക്ഷീണിക്കുകയും ചെയ്തേക്കാം; ചെറുപ്പക്കാർ ശക്തിയ റ്റു വീഴാം" (ഏശ 40: 30). എന്നാൽ ദൈവം "തളർന്നവന് ബലം നല്കുന്നു; ദുർബലനു ശക്തി പകരുകയും ചെയ്യുന്നു.... എന്നാൽ ദൈവത്തിൽ ആശ്രയി ക്കുന്നവൻ വീണ്ടും ശക്തി പ്രാപിക്കും. അവർ കഴുകന്മാരെപ്പോലെ ചിറകടി ച്ചുയരും. അവർ ഓടിയാലും ക്ഷീണിക്കുകയില്ല; നടന്നാൽ തളരുകയു മില്ല"(ഏശ 40:29,31). നമ്മുടെ വിശ്വാസവും പ്രത്യാശയും കർത്താവിലർപ്പി ക്കാൻ നോമ്പുകാലം നമ്മെ ക്ഷണിക്കുന്നു (1 പത്രോ 1:21 കാണുക). എന്തെ ന്നാൽ, ഉത്ഥിതനായ ക്രിസ്തുവിൽ നമ്മുടെ ദൃഷ്ടി പതിപ്പിച്ചെങ്കിൽ മാത്രമേ (ഹെബ്രാ 12:2 കാണുക), "നന്മ ചെയ്യുന്നതിൽ നമുക്കു ഒരിക്കലും മടുപ്പുതോ ന്നാതിരിക്കാം" (ഗലാ 6:9) എന്ന അപ്പസ്തോലന്റെ ആഹ്വാനത്തിനു പ്രത്യുത്ത രം നല്കാനാകു.

www.malankaralibrary.com



***പ്രാർത്ഥിക്കുന്നതിൽ നമുക്കു മടുപ്പുതോന്നാതിരിക്കട്ടെ.*** "ഭഗ്നാശരാകാതെ എപ്പോഴും പ്രാർത്ഥിക്കണം" (ലൂക്കാ 18:1) എന്ന് യേശു നമ്മെ പഠിപ്പിച്ചു. നമുക്കു പ്രാർത്ഥിക്കേണ്ടതുണ്ട്, കാരണം നമുക്കു ദൈവത്തെ ആവശ്യമുണ്ട്. നമുക്കുപരി നമുക്കു മറ്റൊന്നും കൊണ്ട് ആവശ്യമില്ല എന്ന് കരുതുന്നത് ഒരു അപകടകരമായ മിഥ്യാധാരണയാണ്. കോവിഡ്-19 മഹാമാരി നമ്മുടെ വ്യക്തിപരവും സാമൂഹ്യവുമായ ദൗർബ്ബല്ല്യത്തെക്കുറിച്ചുള്ള ബോധം വർധിപ്പിച്ചെങ്കിൽ ഈ വർഷത്തെ തപസ്സുകാലം ദൈവത്തിലുള്ള നമ്മുടെ വിശ്വാസവും അതു സംജാതമാക്കുന്ന സമാശ്വാസവും അനുഭവിക്കാൻ ഇടവരുത്തട്ടെ; അവിടത്തെക്കൂടാതെ നമുക്കു നിവർന്നു നില്ക്കാനാവില്ലല്ലോ (ഏശ 7:9 കാണുക)! ചരിത്രത്തിന്റെ കൊടുങ്കാറ്റുകൾക്കിടയിൽ നാമെല്ലാവരും ഒരേ വഞ്ചിയിൽ ആയിരിക്കയാൽ ഒരാളും ഒറ്റയ്ക്ക് രക്ഷ പ്രാപിക്കുകയില്ല; നിശ്ചയമായും ദൈവത്തെക്കൂടാതെ ഒരാളും രക്ഷ പ്രാപിക്കുകയുമില്ല; എന്തെന്നാൽ, യേശുക്രിസ്തുവിന്റെ പെസഹാരഹസ്യം മാത്രമാണ് മരണത്തിന്റെ ഇരുണ്ട ജലപ്രവാഹത്തിന്റെമേൽ വിജയം വരിക്കുന്നത്. യഥാർഥത്തിൽ ജീവിതത്തിന്റെ ഭാരങ്ങളിലും അനർഥങ്ങളിലുംനിന്നു വിശ്വാസം നമ്മെ ഒഴിവാക്കുന്നില്ല, എന്നാൽ ക്രിസ്തുവിൽ ദൈവത്തോട് ചേർന്നുനിന്നുകൊണ്ട് അവ അഭിമുഖികരിക്കാൻ അത് നമ്മെ പ്രാപ്തരാക്കുന്നു; നമ്മെ നിരാശരാക്കാത്ത വലിയ പ്രത്യാശ വഴിയാണത്; അതിന്റെ അച്ചാരം പരിശുദ്ധാത്മാവുവഴി നമ്മുടെ ഹൃദയങ്ങളിലേക്കു ചൊരിയപ്പെട്ട ദൈവത്തിന്റെ സ്നേഹമാണ് (റോമ 5:15 കാണുക).

***നമ്മുടെ ജീവിതങ്ങളിൽനിന്നു തിന്മ ദുരീകരിക്കുന്നതിൽ നമുക്കു മടുപ്പുതോന്നാതിക്കട്ടെ***. നോമ്പുകാലം ആഹ്വാനം ചെയ്യുന്ന ശാരിരികമായ ഉപവാസം പാപത്തിനെതിരേയുള്ള നമ്മുടെ പോരാട്ടത്തിൽ നമ്മുടെ ആത്മാവിനെ ബലപ്പെടുത്തട്ടെ. ദൈവം ക്ഷമിക്കുന്നതിൽ ഒരിക്കലും ക്ഷീണതനാകുന്നില്ല എന്നു അറിഞ്ഞുകൊണ്ട് പശ്ചാത്താപത്തിന്റെയും അനുരഞ്ജനത്തിന്റെയും കുദാശയിലൂടെ പാപപ്പൊറുതി ചോദിക്കുന്നതിൽ നമുക്കു മടുപ്പുതോന്നാതിരിക്കട്ടെ. വിഷയാസക്തിക്കെതിരേ പൊരുതുന്നതിൽ നമുക്കു മടുപ്പുതോന്നതിരിക്കട്ടെ. ഈ ബലഹീനത സ്വാർഥതയെയും എല്ലാത്തരം തിന്മകളെയും പ്രോത്സാഹിപ്പിക്കുകയും സ്ത്രീപുരുഷന്മാരെ പാപത്തിലേക്കു നയിക്കാൻ ചരിത്രഗതിയിൽ വിവിധ രൂപങ്ങൾ പ്രാപിക്കുകയും ചെയ്യുന്നു (Fratelli Tutti, 166 കാണുക). അതിലൊന്നാണ് ഡിജിറ്റൽ സമ്പർക്കമാധ്യമ ആസക്തി (digital media addiction); അത് മനുഷ്യബന്ധങ്ങളുടെ ശക്തിക്ഷയിപ്പിക്കുന്നു. ഈ

www.malankaralibrary.com



പ്രലോഭനങ്ങളെ ചെറുക്കാനും അവയ്ക്കുപകരമായി കൂടുതൽ സമഗ്രമായ ഒരു മാനുഷിക ആശയവിനിമയം നടത്താനും (Fratelli Tutti, 43 കാണുക), അങ്ങനെ മുഖാമുഖവും വ്യക്തികേന്ദ്രീകൃതവും "ആധികാരികവുമായ കണ്ടുമുട്ടലുകൾ" (Fratelli Tutti, 50 കാണുക) നടത്താനുമുള്ള ഒരു ഉത്തമമായ സമയമാണിത്.

***അയൽക്കാരനോട് സജീവസ്നേഹം പ്രകടിപ്പിക്കുന്നതിൽ നമുക്കു മടുപ്പു തോന്നാതിരിക്കട്ടെ.*** ഈ നോമ്പുകാലത്ത് സന്തോഷപൂർവം നല്കികൊണ്ട് നമുക്കു ദാനധർമ്മം പരിശീലിക്കാം (2 കോറി 9:7 കാണുക). "വിതക്കാനരനു വിത്തും ഭക്ഷിക്കാൻ അപ്പവും കൊടുക്കുന്ന" (2 കോറി 9:10) ദൈവം നമുക്കു ഭക്ഷിക്കാൻ ആഹാരം മാത്രമല്ല നല്കുന്നത്, മറ്റുള്ളവർക്കു ഉദാരമായി നന്മ ചെയ്യാൻ നമ്മെ പ്രാപ്തരാക്കുകയും ചെയ്യുന്നു. നന്മ വിതയ്ക്കാൻ നമുക്കു ജീവിതകാലം മുഴുവൻ ഉണ്ടെന്നുള്ളതു സത്യമാണെങ്കിലും, നമ്മോട് അടുത്തബന്ധപ്പെട്ടിരിക്കുന്നവരെ പരിചരിക്കുന്നതിലും ജീവിതത്തിന്റെ വഴിയരികിൽ പരിക്കേറ്റവരായി കിടക്കുന്ന സഹോദരീസഹോദരന്മാരിലേക്കു എത്തിനില്കുന്നതിലും (ലൂക്കാ 10, 25-37 കാണുക) ഈ തപസ്സുകാലം സവിശേഷ സമയമായി നമുക്കു പരിഗണിക്കാം. ആവശ്യങ്ങളിലിരിക്കുന്നവരെ ഒഴിവാക്കാനുള്ളതല്ല, മറിച്ച് കണ്ടെത്താനുള്ള അനുകൂലമായ സമയമാണ് നോമ്പുകാലം; അത് അവരെ അവഗണിക്കാനുള്ള നേരമല്ല, പ്രത്യുത അവരെ സഹതാപപൂർവ്വം കേൾക്കാനും അവർക്കു ഒരു നല്ലവാക്കു നല്കാനുമുള്ളതാണ്; ഏകാന്തതയനുഭവിക്കുന്നവരെ ഉപേക്ഷിക്കാനുള്ള സമയമല്ല, മറിച്ച് സന്ദർശിക്കാനുള്ള വേളയത്രേ. എല്ലാവർക്കുംവേണ്ടി നന്മ ചെയ്യാനുള്ള നമ്മുടെ വിളി നമുക്കു പരിശീലിക്കാം, അതായത്, ദരിദ്രരെയും ആവശ്യങ്ങളിലിരിക്കുന്നവരെയും ഉപേക്ഷിക്കപ്പെട്ടവരെയും തിരസ്കൃതരെയും വിവേചിക്കപ്പെട്ടവരെയും പാർശ്വവൽക്കരിക്കപ്പെട്ടവരെയും സ്നേഹിക്കാനായി നമുക്കു സമയം കണ്ടെത്താം (Fratelli Tutti, 193 കാണുക).

**3. "നാം ഉപേക്ഷ വരുത്തുന്നില്ലെങ്കിൽ, തക്കസമയത്ത് നമുക്കു കൊയ്ത്തു നടത്താം".**

'നന്മ, അതോടൊപ്പം സ്നേഹം, നീതി, ഐക്യധാർഢ്യം എന്നിവ ഒറ്റയടിക്ക് നേടാവുന്നതല്ല; അവ ഒരോ ദിവസവും യാഥാർഥ്യമാക്കപ്പെടേണ്ടതാണ്" (Fratelli Tutti, 11) എന്നത് ഓരോ വർഷവും നോമ്പുകാലം നമ്മെ ഓർമ്മിപ്പിക്കുന്നു. ഓരോ സമയത്ത് ഓരോ പടിവെച്ച് നന്മ ചെയ്യുന്നതിൽ നിലനില്കുന്നതിൽ കൃഷിക്കാരന്റേതുപോലുള്ള ക്ഷമ ലഭിക്കാനായി (യാക്കോ 5:7 കാ

www.malankaralibrary.com



ണുക) നമുക്കു ദൈവത്തോടു പ്രാർത്ഥിക്കാം. നമ്മൾ വീണുപോകുന്നെങ്കിൽ, എപ്പോഴും നമ്മെ പിടിച്ചെഴുന്നേൽപ്പിക്കുന്ന പിതാവിന്റെ പക്കലേക്കു നമ്മുടെ കരം ഉയർത്താം. നമ്മൾ നഷ്ടപ്പെട്ടു പോയിട്ടുണ്ടെങ്കിൽ, ദൈവത്തിങ്കലേക്കു തിരികെ വരാൻ ശങ്കിക്കരുത്, കാരണം അവിടുന്ന് "മാപ്പു കൊടുക്കുന്നതിൽ ഉദാരമതിയാണ്" (ഏശ 55:7). മാനസാന്തരത്തിന്റെ ഈ കാലഘട്ടത്തിൽ ദൈവിക കൃപയാൽ പരിപോഷിതരായി, സഭാ കൂട്ടായ്മയിൽ ചേർന്നുനിന്നുകൊണ്ട്, നന്മ ചെയ്യുന്നതിൽ നമുക്കു പരിക്ഷീണിതരാകാതിരിക്കാം. ഉപവാസത്താലാണ് നിലം ഒരുക്കപ്പെടുന്നത്, പ്രാർത്ഥനവഴി അത് നനയ്ക്കപ്പെടുകയും ഉപവിയാൽ സമ്പുഷ്ടമാക്കപ്പെടുകയും ചെയ്യുന്നു.

"നാം ഉപേക്ഷ വരുത്തുന്നില്ലെങ്കിൽ തക്കസമയത്ത് നമുക്കു കൊയ്ത്ത് നടത്താം " എന്നു നമുക്കു ഉറപ്പായി വിശ്വസിക്കാം. അതുപോലെതന്നെ നിലനില്പിന്റെ ദാനത്താൽ വാഗ്ദാനം ചെയ്യപ്പെട്ടത് നമുക്കു ലഭ്യമാകും എന്നും ( ഹെബ്രാ 10:36 കാണുക), അത് നമ്മുടെതന്നെയും മറ്റുള്ളവരുടെയും രക്ഷയ്ക്കും ആയിരിക്കും എന്നും (1 തിമോ 4:16 കാണുക) നമുക്കു വിശ്വസിക്കാം. . എല്ലാവരോടും സഹോദരസ്നേഹം പാലിക്കുന്നതുവഴി നമുക്കുവേണ്ടി തന്റെ ജീവൻ നല്കിയ (2 കോറി 5:14–15 കാണുക) ക്രിസ്തുവുമായി നാം ഐക്യപ്പെടുന്നു; അങ്ങനെ, ദൈവം "എല്ലാറ്റിലും എല്ലാം ആകുംവിധം" (1 കോറി 15:28), സ്വർഗരാജ്യത്തിന്റെ സന്തോഷത്തിന്റെ മുന്നാസ്വാദനം നമുക്കു നല്കപ്പെടുകയും ചെയ്യുന്നു.

രക്ഷകനെ തന്റെ ഉദരത്തിൽ വഹിക്കുകയും, "എല്ലാം തന്റെ ഹൃദയത്തിൽ സംഗ്രഹിച്ച് ധ്യാനിക്കുകയും" (ലൂക്കാ 2:19) ചെയ്ത കന്യകമറിയം ക്ഷമയുടെ ദാനം നമുക്കു വാങ്ങിത്തരുമാറാകട്ടെ. അവളുടെ മാതൃസഹജമായ സാന്നിധ്യം വഴി അവൾ നമ്മെ അനുയാത്ര ചെയ്യുമാറാകട്ടെ. അങ്ങനെ ഈ മാനസാന്തരത്തിന്റെ കാലം നിത്യരക്ഷയുടെ ഫലങ്ങൾ പുറപ്പെടുവിക്കുമാറാകട്ടെ.

2021 നവംബർ 11–ാംതീയതി മെത്രാനായ
വിശുദ്ധ മാർട്ടിന്റെ സ്മരണാദിനത്തിൽ
റോമിലെ വിശുദ്ധ ജോൺ ലാറ്ററൻ ദേവാലയത്തിൽ നിന്നു നല്കപ്പെട്ടത്.
ഫ്രാൻസിസ് പാപ്പാ

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി – 682 025

www.malankaralibrary.com



Ref: 3684/K-5/KCBC/OL/DS 31.03.2022

# കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ തൊഴിൽകാര്യ കമ്മീഷൻ പുറപ്പെടുവിക്കുന്ന മെയ്ദിന സന്ദേശം 2022

യേശുവിൽ പ്രിയപ്പെട്ട സഹോദരീ സഹോദരന്മാരെ,

2022 ലെ അന്താരാഷ്ട്ര തൊഴിലാളി ദിനത്തിന്റെ മംഗളങ്ങൾ ആശംസിക്കുന്നു. വിശുദ്ധ യൗസേപ്പിതാവിന്റെ മാദ്ധ്യസ്ഥംവഴി എല്ലാവർക്കും അനുഗ്രഹങ്ങൾ ലഭിക്കട്ടെയെന്നു പ്രാർത്ഥിക്കുന്നു..

ലോകം അതിജീവനത്തിന്റെ പാതയിലാണ്. കഴിഞ്ഞ രണ്ട് വർഷകാലം ലോകത്തെയാകമാനം നിശ്ചലമാക്കുകയും ദുരിതത്തിലാക്കുകയും ചെയ്ത മഹാമാരിയുടെ ദിനങ്ങൾക്ക് ഏതാണ്ടൊരു ശമനമുണ്ടായിരി ക്കുകയാണ്. ഈ ദുരിതത്തിന്റെ വേദനകൾ ഏറ്റവും കൂടുതൽ ഏറ്റു വാങ്ങിയവരാണ് അസം ഘടിത തൊഴിലാളികൾ. ഈവർഷത്തെ മെയ്ദിനത്തെ എല്ലാവരും പ്രതീ ക്ഷയോടെയാണ് വരവേല്ക്കുന്ന തെങ്കിലും യുക്രെയിൻ യുദ്ധം പ്രത്യാശയിൽ കരിനിഴൽ വീഴ്ത്തിയിരിക്കുകയാണ്. എത്രയുംവേഗം യുദ്ധം അവസാനിച്ച് ഈമേഖലയിൽ സമാധാനം പുലരട്ടെയെന്നു പരിശുദ്ധപിതാവ് ഫ്രാൻസിസ് പാപ്പയോടൊപ്പം നമുക്കും പ്രാർത്ഥിക്കാം.

ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം കൂദാശകളിൽനിന്നും ദൈവാലയത്തിൽ നിന്നും തിരുകർമ്മങ്ങളിൽനിന്നുമൊക്കെ നാളിതുവരെ കേട്ടിട്ടില്ലാത്തവിധം അകന്നു കഴിഞ്ഞിരുന്ന ഒരു കാലത്തിനുശേഷം വീണ്ടും കൂദാശകളോടും അൾത്താരയോടും പതുക്കെപതുക്കെ അടുത്തുവരുന്ന കാലഘട്ടം. ഇങ്ങനെ എല്ലാമേഖലകളിലുമുള്ള തിരിച്ചുവരവിനു ലോകം മുഴുവൻ ഒരുങ്ങുകയാണ്.

ഈവേളയിൽ 2023 ലെ മെത്രാൻ സിനഡിനായി പരിശുദ്ധപിതാവിന്റെ നേതൃ ത്വത്തിൽ ആഗോളസഭ ഒന്നാകെ ഒരുങ്ങുകയാണ്. ഈവർഷത്തെ മെയ്ദിനസ ന്ദേശത്തിൽ പ്രധാനമായും ചർച്ചചെയ്യുന്നത് സിനഡിനെ സംബന്ധിച്ചാണ്. ആഗോളസഭയെ ഒരു സിനഡൽ സഭയായി മാറ്റുക എന്നതാണ് മെത്രാൻ സിനഡിന്റെ തയ്യാറെടുപ്പ് പ്രവർത്തനങ്ങൾവഴി ലക്ഷ്യംവയ്ക്കുന്നത്.

www.malankaralibrary.com



തിരുസഭയെ ഒരു തീർത്ഥാടക സമൂഹമായിട്ടാണ് രണ്ടാംവത്തിക്കാൻ കൗൺസിൽ വിശേഷിപ്പിച്ചിരിക്കുന്നത്. 'സിനഡ്'എന്ന വാക്കിന്റെ മൂലാർത്ഥം ഒരുമിച്ചുള്ള യാത്രയെന്നാണ്. സിനഡൽ സഭയെന്നാൽ മാർപാപ്പയും മെത്രാന്മാരും വൈദികരും സന്യസ്തരും അല്മായരും ഒരുമിച്ച് സഞ്ചരിക്കുന്ന തീർത്ഥാടക സമൂഹം എന്നതാണ്. ദൈവജനം എല്ലാവരും സഹയാത്രികരാണ്.

2021 ഒക്ടോബർ10-ന് സിനഡിന്റെ ഒരുക്കത്തിന് തുടക്കംകുറിച്ചുകൊണ്ട് ഫ്രാൻസിസ് പാപ്പാ പറഞ്ഞ വാക്കുകൾ വളരെ പ്രസക്തമാണ്. 'സഹയാത്രികരായി സഭയെ വിശുദ്ധീകരിക്കാനുള്ള ദൗത്യത്തിൽ സജീവമായി പങ്കു ചേരാൻ ലോകംമുഴുവനുമുള്ള ദൈവജനമേ ഞാൻ നിങ്ങളെ ക്ഷണിക്കുന്നു'. ഈ വാക്കുകളിലൂടെ സഭയുടെ സർവമേഖലകളിലും വിശുദ്ധീകരണം ആവശ്യമാണെന്നും അതിൽ തൊഴിലാളികൾ ഉൾപ്പെടെ എല്ലാ വിശ്വാസികൾക്കും സജീവഭാഗഭാഗിത്വം വഹിക്കാനുണ്ടെന്നുമാണ് പാപ്പ പറയുന്നത്. പരിശുദ്ധ പിതാവിന്റെ ആഹ്വാനപ്രകാരം സിനഡിനായി ഒരുങ്ങുന്ന വേളയിൽ തൊഴിലാളികളെ ഇടവകതലംമുതൽ സിനഡൽ പ്രക്രിയയിൽ ഗൗരവപൂർവ്വം ഉൾച്ചേർക്കേണ്ടതായിരിക്കുന്നു. സിനഡൽ പ്രക്രിയയിൽ എല്ലാവരെയും ഉൾച്ചേർക്കാനായി രണ്ട് ഘട്ടങ്ങളായുള്ള പ്രവർത്തനങ്ങളാണ് സിനഡൊരുക്കവുമായി ബന്ധപ്പെട്ട് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. ഇതിൽ ആദ്യഘട്ടത്തിൽ എല്ലാവരെയും, വിശിഷ്യാ പലകാരണങ്ങൾകൊണ്ടും സഭാപ്രവർത്തനങ്ങളുടെ മുഖ്യധാരയിൽനിന്നും അകന്നുനില്ക്കുന്നവർക്ക് പ്രത്യേക പരിഗണന നൽകുന്നതിനെ സംബന്ധിച്ചാണ്. നേരിൽകാണുക (encounter), ശ്രദ്ധാപൂർവ്വം കേൾക്കുക (listen), വിവേചിച്ചറിയുക (discernment) എന്ന മൂന്ന് തലത്തിലുള്ള പ്രവർത്തനരീതിയാണ് ആദ്യഘട്ടത്തിൽ പ്രായോഗികമാക്കേണ്ടത്.

ഇടവകകളിലെ എല്ലാ തൊഴിലാളികളുടെ പക്കലേക്കും സഭയുടെ അജപാലനത്തിന്റെ കരുതൽ എത്തിച്ചേരണം. തൊഴിലാളികളുടെയും അവരുടെ കുടുംബങ്ങളുടെയും ജീവിതസാഹചര്യങ്ങൾ വിശദമായി ഉൾക്കൊള്ളണം. ഇതാണ് മുഖാമുഖംകാണൽ എന്നതുകൊണ്ട് സഭാമാതാവ് ഉദ്ദേശിക്കുന്നത്.

രണ്ടാമത്തേതാണ് അവരെ ശ്രദ്ധാപൂർവ്വം ശ്രവിക്കൽ. എല്ലാ വിശ്വാസികളെയും തിരുസഭ കേൾക്കുവാൻ ശ്രമിക്കുകയാണ്. അതിന്റെ ഭാഗമായി തൊഴിലാളികളെ ഗൗരവത്തോടെ കേൾക്കാൻ നാം തയ്യാറാകണം. തൊഴിലാളികളുടെ ജീവിതത്തെയും അവരുടെ ദൈനംദിന പ്രശ്നങ്ങളെയും കരുണാപൂർവ്വം ശ്രവിക്കണം. സഭയിൽനിന്നും അവർ എന്ത് പ്രതീക്ഷിക്കുന്നുവെന്ന് അറിയണം. അതോടൊപ്പം അവരുടെ അഭിപ്രായത്തിൽ സഭാസംവിധാനങ്ങൾ എങ്ങനെയാ

www.malankaralibrary.com



ണന്നും, ഇക്കാര്യത്തിൽ അവരുടെ പ്രതീക്ഷ എന്താണെന്നും കേൾക്കണം.

ഇതിന്റെ തുടർച്ചയാണ് മൂന്നാമത്തെ തലം. കണ്ടുമുട്ടലിലൂടെയും ശ്രവിക്കലിലൂടെയും മനസ്സിലാക്കിയ കാര്യങ്ങൾ വിവേചിച്ചറിയലാണ് അത്. കണ്ടതും കേട്ടതും അനുഭവിച്ചറിഞ്ഞതുമായ കാര്യങ്ങൾ ദൈവാരൂപിയുടെ നിറവിൽ വിവേചിച്ചറിയലാണത്. ഓരോ ഇടവകയിലും രൂപതാതലത്തിലും കൂട്ടായ ചർച്ച നടക്കണം. അതുവഴി സിനഡൽ സഭയിൽ തൊഴിലാളികളെ ഉൾച്ചേർക്കാനുള്ള ആശയവും പ്രവർത്തന പദ്ധതിയും രൂപപ്പെടുത്തണം.

തുടർന്നാണ് സിനഡൽ സഭയുടെ രൂപപ്പെടലിന്റെ അടുത്തഘട്ടത്തിലേക്ക് കടക്കുന്നത്. സഭാസംവിധാനങ്ങൾ തൊഴിലാളിയുടെ കൂടെ സഞ്ചരിക്കാൻ തുടങ്ങണം. സിനഡൽ സഭയെ രൂപപ്പെടുത്താനായി മുഴുവൻ ദൈവജനത്തിന്റെയും ഒത്തൊരുമ (communion), പങ്കാളിത്തം (participation), പ്രേഷിതദൗത്യം (mission) എന്നിവയിലധിഷ്ഠിതമായി സഭാസംവിധാനങ്ങളെ പൂർണ്ണമായും പുനഃക്രമീകരിക്കാനാണ് പരിശുദ്ധപിതാവ് രണ്ടാംഘട്ടത്തിൽ ആവശ്യപ്പെട്ടിട്ടുള്ളത്.

കൂടെ നടന്നുകൊണ്ട് അവരെ ഒത്തൊരുമയിലേക്ക് വളർത്തണം. കൂടെനടക്കലിന്റെ കരുത്തിനെയും സാദ്ധ്യതകളെയും കുറിച്ച് വിശുദ്ധഗ്രന്ഥത്തിലെ എമ്മാവൂസ് അനുഭവം നമ്മെ പഠിപ്പിക്കുന്നു. ഇടവകതലം മുതൽ നടത്തപ്പെടുന്ന സിനഡൊരുക്ക പ്രവർത്തനങ്ങൾ എല്ലാ തൊഴിലാളികൾക്കും എമ്മാവൂസ് അനുഭവമായി മാറണം. അതിന്റെ ആദ്യപടിയായി ഒത്തൊരുമയ്ക്കായി തൊഴിലാളികളെ സംഘം ചേർക്കണം. സംഘബോധം ഉളവാക്കണം. തൊഴിലാളികൾ തമ്മിൽത്തമ്മിലും സഭാസംവിധാനങ്ങളുമായും ഒന്നുചേർന്നു ചിന്തിക്കാനും, പ്രവർത്തിക്കാനും, ജീവിക്കാനും ഉള്ള അവസരം രൂപപ്പെടുത്തണം. ഇതിന്റെ അടുത്തപടിയാണ് പങ്കാളിത്തം. സഭയിലെ സംവിധാനങ്ങളിലും സഭയുടെ വിവിധശുശ്രൂഷകളിലും പങ്കാളിത്തം ലഭ്യമാക്കണം. സംഘബോധത്തിലൂടെയും പങ്കാളിത്ത നടപടികളിലൂടെയും പ്രേഷിതാഭിമുഖ്യം തൊഴിലാളികൾക്ക് ലഭിക്കും. അതിനെതുടർന്ന് യേശുവിന്റെ പ്രേഷിതരായി മാറുകയും ചെയ്യുന്നു.

പരിശുദ്ധപിതാവ് ആവശ്യപ്പെടുന്നത് സിനഡൊരുക്കത്തിന്റെ പ്രവർത്തനങ്ങൾ കത്തോലിക്കരിൽ മാത്രം ഒതുക്കരുതെന്നാണ്. ഇതര ക്രൈസ്തവ വിഭാഗങ്ങളുമായും ഇതര മതവിശ്വാസികളുമായും മാത്രമല്ല ഈശ്വരനിൽ വിശ്വസിക്കാത്തവരുമായും സംഭാഷണങ്ങൾ നടത്തണമെന്നാണ്. എല്ലാവരുമായും പ്രാദേശികവും ദേശീയവും അന്തർദ്ദേശീയവുമായ തലങ്ങളിൽ മാനവരാ

www.malankaralibrary.com



ശിയുടെ സമഗ്ര വികസനത്തിനായി യോജിച്ചു പ്രവർത്തിക്കേണ്ടതാണ്. അതോടൊപ്പം പരിസ്ഥിതിയും പ്രകൃതിയുമായുള്ള പാരസ്പര്യവും കാത്തുസൂക്ഷിക്കേണ്ടതുമാണ്. 'ലൗദാത്തോ സി' യിലൂടെയും 'ഫ്രത്തേലിതൂത്തിയി'ലൂടെയും ഇക്കാര്യം വിശദമായി പാപ്പ പഠിപ്പിക്കുന്നുണ്ട്.

സിനഡൽ സഭയുടെ ആവിർഭാവത്തിനായി മുന്നൊരുക്ക രേഖകളിൽ സൂചിപ്പിക്കുന്ന രണ്ടുഘട്ടങ്ങളിലായി ആറ് തലങ്ങളിൽ പൂർത്തിയാകുന്ന പ്രവർത്തന പരിപാടികൾ തൊഴിലാളികളുടെ മദ്ധ്യേ പ്രയോഗ വല്ക്കരിക്കാൻ പുതിയ സംവിധാനങ്ങൾ രൂപപ്പെടുത്തുന്നതിനേക്കാൾ ഉചിതം നിലവിലുള്ള സംവിധാനങ്ങൾ ശക്തിപ്പെടുത്തുക എന്നതാണ്. സിനഡൽസഭയുടെ ദർശനം നിലവിലുള്ളതിൽ ഉൾച്ചേർത്താൽ മതിയാകും.

കേരള കത്തോലിക്കാമെത്രാൻ സമിതിയുടെ ഔദ്യോഗിക തൊഴിലാളി സംഘടനയാണ് കേരള ലേബർ മൂവ്മെന്റ്. അസംഘടിതതൊഴിലാളികളുടെ സംഘാടനത്തിനും ക്ഷേമത്തിനും വികസനത്തിനുമായിട്ടാണ് കെ.എൽ.എം. പ്രധാനമായും പ്രവർത്തിച്ചുവരുന്നത്. കേരള ലേബർ മൂവ്മെന്റിന്റെ ആഭിമുഖ്യത്തിൽ എട്ട് തൊഴിലാളി ഫോറങ്ങളും പ്രവർത്തിച്ചുവരുന്നുണ്ട്. സർക്കാരിൽ രജിസ്ട്രർ ചെയ്തിട്ടുള്ളത് മൂലം സർക്കാരുകളുടെ തൊഴിലാളി ക്ഷേമപദ്ധതികളുടെ ഗുണഭോക്താക്കളാക്കി മാറ്റാൻവേണ്ട ഒത്താശകൾ നല്കാൻ കെ.എൽ.എം. നു കഴിയുന്നുണ്ട്. കോവിഡ് കാലത്തും സ്തുത്യർഹമായ പ്രവർത്തനങ്ങൾ നടത്താൻ ഈ സംഘടനയ്ക്ക് കഴിഞ്ഞുവെന്നത് അഭിനന്ദനാർഹമാണ്.

കെ.എൽ.എം. ന്റെയും തൊഴിലാളി ഫോറങ്ങളുടെയും പ്രവർത്തനങ്ങൾ എല്ലാ രൂപതകളിലേക്കും ഇടവകകളിലേക്കും എല്ലാതൊഴിലാളികളിലേക്കും വ്യാപിപ്പിക്കേണ്ടതാണ്. തൊഴിലാളികളുടെ ഒത്തൊരുമ യോടെയും പങ്കാളിത്തത്തോടെയും സിനഡൽ ഇടവകകളും രൂപതകളും രൂപപ്പെടുത്താൻ കെ.എൽ.എം. പ്രവർത്തനം വഴി സാധിക്കുന്നതാണ്. അതുവഴി തൊഴിലാളികളെ പ്രേഷിത ചൈതന്യമുള്ളവരായി മാറ്റാൻ സാധിക്കും.

കേരളത്തിലെ രൂപതകളിലെയും സന്യാസസമൂഹങ്ങളുടെയും ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന വിവിധ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾക്കുള്ള നയരേഖ (People Management Policy) കെ.സി.ബി.സി. പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ട്. തിരുസ്സഭയുടെ സാമൂഹികപ്രബോധനത്തിലും രാജ്യത്തെ തൊഴിൽനിയമങ്ങൾക്കുമനുസൃതമായിട്ടാണ് ഇത് തയ്യാറാക്കപ്പെട്ടിരിക്കുന്നത്. സിനഡിനൊരുങ്ങുന്ന ഈ വർഷത്തിൽ കേരളത്തിലെ എല്ലാ രൂപതകളിലെയും സന്യാസസമൂഹങ്ങളിലെയും സ്ഥാപനങ്ങ

www.malankaralibrary.com



ളിൽ ഇത് പ്രാബല്യത്തിൽ വരുത്താനുള്ള നടപടികൾ ഉണ്ടാകുന്നത് എന്തുകൊണ്ടും പ്രസക്തമാണ്. സിനഡൽ സഭയായിതീരാനുള്ള പ്രവർത്തനങ്ങളിൽ ഒരു ചുവടുവയ്പായി ഇതു മാറും. ഈ പ്രവർത്തനങ്ങൾ ക്കാവശ്യമായ ഒത്താശകൾ കെ.എൽ.എം. നൽകുന്നതാണ്. 2022 ജനുവരി 1 മുതൽ ഈ നയരേഖ കെ.സി.ബി.സി. ആസ്ഥാനത്ത് നടപ്പിലാക്കിയെന്നത് മാതൃകാപരവും അഭിനന്ദനാർഹവുമായ കാര്യമാണ്.

പൊതുസമൂഹവുമായുള്ള സംഭാഷണം സിനഡാത്മകസഭയുടെ ഒരു പ്രധാന സവിശേഷതയാണ്. കാലത്തിന്റെ അടയാളങ്ങൾ തിരിച്ചറിഞ്ഞുള്ള പ്രവർത്തനങ്ങൾ ഫലപ്രദവും കാര്യക്ഷമവുമായ സുവിശേഷസാക്ഷ്യത്തിന് അനിവാര്യഘടകമാണെന്നാണ് രണ്ടാംവത്തിക്കാൻ കൗൺസിൽ പ്രബോധിപ്പിക്കുന്നത്. തൊഴിലാളികളുടെ ഇടയിലുള്ള ഇടപെടലിന് രാജ്യത്തെ തൊഴിൽ സാഹചര്യങ്ങളെക്കുറിച്ചുള്ള അവബോധവും അനിവാര്യമാണ്. കാരണം ഈ സാഹചര്യത്തിലാണല്ലോ തൊഴിലാളികൾ ജീവിക്കുന്നത്.

കോവിഡ്കാലം അസംഘടിത തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ഏറെ ദുരിതപൂർണ്ണമാണ്. തൊഴിലില്ലാതായി, വരുമാനത്തിൽ വലിയതോതിൽ ഇടിവ് തട്ടി, എന്നാൽ കേന്ദ്രസർക്കാരിന്റെ ഭാഗത്ത് നിന്നും കാര്യമായ സമാശ്വാസ നടപടികൾ ഒന്നുംതന്നെ ഉണ്ടായില്ലായെന്നതാണ് ഖേദകരം. മറ്റെല്ലാ രാജ്യങ്ങളിലുംതന്നെ തൊഴിൽനഷ്ടപ്പെട്ടവർക്ക് നേരിട്ട് പണം നല്കുകയുണ്ടായി. സാമ്പത്തിക വിദഗ്ധരും ട്രേഡ് യൂണിയനുകളും ഒക്കെ തൊഴിലാളികൾക്ക് നേരിട്ട് പണം കൊടുക്കണമെന്നാവശ്യം ഉന്നയിച്ചിട്ടും കേന്ദ്രസർക്കാർ അത് പരിഗണിച്ചില്ല. മാത്രമല്ല, അന്യായമായ വിധത്തിൽ ഇന്ധനവില വർദ്ധിപ്പിക്കാനായിരുന്നു ശ്രമിച്ചത്. ഇത് സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന വിലക്കയറ്റം അസംഘടിത തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ഇരുട്ടടിയായി മാറിയിരിക്കുകയാണ്.

അതോടൊപ്പം കാർഷികനിയമങ്ങളിലും തൊഴിൽനിയമങ്ങളിലും ഭേദഗതികൾ വരുത്തുകയുണ്ടായി. തൊഴിലാളികൾ ഉൾപ്പെട്ട ബന്ധപ്പെട്ടവരോട് മാത്രമല്ല പാർലിമെന്റിൽ പോലും ആവശ്യമായ ചർച്ചകൾ നടത്താതെ അനാവശ്യതിടുക്കത്തിലാണ് പാസ്സാക്കിയിട്ടുള്ളത്. ഈ നിയമങ്ങൾ കർഷക - തൊഴിലാളി വിരുദ്ധങ്ങളാണെന്ന ആക്ഷേപം പ്രാരംഭംമുതൽ ഉണ്ടായിരുന്നു. ഏതായാലും, ഒരുവർഷക്കാലം നീണ്ടുനിന്ന ത്യാഗോജ്ജ്വലമായ സഹനസമരത്തിലൂടെ പുതിയ കർഷകനിയമങ്ങളെ പിൻവലിപ്പിക്കാൻ കർഷകർക്ക് സാധിച്ചു എന്നത് അഭിനന്ദനാർഹമാണ്. അതുപോലെതന്നെ പുതിയ

www.malankaralibrary.com



തൊഴിൽനിയമങ്ങളിലെ തൊഴിലാളി വിരുദ്ധഭാഗങ്ങൾ വേണ്ടത്ര കൂടിയാലോചന നടത്തി ഭേദഗതിചെയ്തിട്ട് മാത്രം നടപ്പിലാക്കാൻ കേന്ദ്രസർക്കാർ ശ്രമിക്കുന്നതാണ് ഉചിതം.

കേരളത്തിൽ കോവിഡ്കാലത്ത് ഭക്ഷ്യകിറ്റ് വിതരണത്തിലൂടെയും സമാശ്വാസധനവിതരണത്തിലൂടെയും സംസ്ഥാനസർക്കാരിന്റെ പരിമിതികളിൽ നിന്നുകൊണ്ട് നല്ലപ്രവർത്തനം നടത്താൻ സാധിച്ചിട്ടുണ്ട്. എന്നാൽ കഴിഞ്ഞ ഒരു വർഷക്കാലത്തിനിടയിൽ അസംഘടിത തൊഴിലാളികളോടുള്ള പരിഗണനയിൽ ഇടിവ് തട്ടിയിട്ടുണ്ടെന്ന ആക്ഷേപം വ്യാപകമാണ്. പല തൊഴിലാളി ക്ഷേമനിധികളുടെയും തനത് ഫണ്ട് സർക്കാർ വായ്പയായി എടുത്തതുമൂലം ക്ഷേമനിധിയിൽനിന്നുള്ള പെൻഷൻ ഉൾപ്പടെയുള്ള ആനുകൂല്യങ്ങളുടെ വിതരണം നടക്കുന്നില്ലായെന്ന പരാതിയുണ്ട്. എല്ലാവർഷവും അസംഘടിതതൊഴിലാളികൾക്ക് ലഭിക്കുന്ന പെൻഷൻ വർദ്ധിപ്പിക്കുമെന്ന സർക്കാരിന്റെ ഉറപ്പ്, ഈ വർഷം ലംഘിക്കപ്പെട്ടിരിക്കുകയാണ്. തൊഴിലാളികൾക്ക് അനുകൂലമായ നടപടികൾ സർക്കാർ സ്വീകരിക്കുന്നത് എന്തുകൊണ്ടും ഉചിതമാണ്.

കയറ്റിറക്ക് മേഖലയിലെ നോക്കുകൂലിപോലെയുള്ള ചില തെറ്റായ പ്രവണതകൾക്കെതിരെ ട്രേഡ് യൂണിയനുകളും രാഷ്ട്രീയ കക്ഷികളും സർക്കാരും ഒന്നിച്ച് മുന്നോട്ട് പോകുന്നത് നല്ല കാര്യമാണ്. നോക്കുകൂലി എന്ന അസ്വീകാര്യ സംഗതി കയറ്റിറക്ക് മേഖലയിൽ മാത്രമേ ഉള്ളോ എന്നു പരിശോധിക്കേണ്ടതാണ്. അദ്ധ്വാനിക്കാതെ അന്യായമായി പണം ഈടാക്കുന്നത് ഏതു രീതിയിലാണെങ്കിലും അതിനെ നോക്കുകൂലിയുടെ ഗണത്തിൽതന്നെ ഉൾപ്പെടുത്തേണ്ടതാണ്. പൗരന്മാർക്കുള്ള സേവനങ്ങൾ നിവർത്തിച്ചു

കൊടുക്കാൻ ചില സർക്കാർ ഉദ്യോഗസ്ഥന്മാർ വാങ്ങുന്ന കൈക്കൂലി ഒരുതരത്തിൽ നോക്കുകൂലി തന്നെയാണ്. അതുപോലെതന്നെ സ്കാനിങ് ഉൾപ്പടെയുള്ള വൈദ്യപരിശോധനകൾക്കും മരുന്നുകൾക്കും ഡോക്ടർമാർക്ക് ലഭിക്കുന്ന കമ്മീഷനുകളും ഈ ഗണത്തിൽതന്നെ ഉൾപ്പെടുന്നു. ജോലിചെയ്യാതെ കൂലിവാങ്ങുന്നതും അന്യായമായി അധികകൂലി നിർബ്ബന്ധിച്ചു വാങ്ങുന്നതും അനർഹമായത് വളഞ്ഞ മാർഗത്തിൽ നേടിയെടുക്കുന്നതും ധാർമ്മികതയ്ക്കും സമൂഹത്തിന്റെ സുസ്ഥിതിക്കും എതിരാണ്. ഇത്തരം അനാശാസ്യ പ്രവണതകളെ നിയന്ത്രിക്കാനുള്ള സമഗ്രനിയമം രൂപീകരിക്കേണ്ടിയിരിക്കുന്നു.

തൊഴിലാളിദിനത്തോടനുബന്ധിച്ച് എല്ലാ ഇടവകകളിലും തൊഴിലാളികൾക്കുവേണ്ടി പ്രത്യേക ദിവ്യബലി, സെമിനാറുകൾ, ചർച്ചാസമ്മേളനങ്ങൾ നടത്തുന്നത് നല്ലതാണ്.

www.malankaralibrary.com



വിശുദ്ധ ജോൺ പോൾ രണ്ടാമൻ പാപ്പാ 'നസ്രത്തിലെ ആശാരിപ്പുരയിലെ പ്രശാന്തത നിങ്ങളുടെ ജോലിയിടങ്ങളിൽ നിറഞ്ഞു നില്ക്കട്ടെ' എന്നാ ശംസിക്കുന്നുണ്ട്. പാപ്പാ ഉദ്ദേശിക്കുന്ന 'ആശാരിപ്പുരയിലെ പ്രശാന്തത'യ്ക്കായി എല്ലാ തൊഴിലാളികൾക്കും മികച്ച തൊഴിലവസരങ്ങളും, ന്യായമായ കൂലിയും, സാമൂഹിക സുരക്ഷയും, മതിയായ വിശ്രമവും ലഭ്യമാക്കേണ്ടതാണ്. ഇത് തൊഴിൽ ദാതാക്കളുടെ ഉത്തരവാദിത്തമാണ്. അതോടൊപ്പം തൊഴിലാളി തന്റെ തൊഴിലിനെയും തൊഴിൽ ദാതാവിനെയും സ്നേഹിക്കുന്നതോടൊപ്പം സത്യ സന്ധതയോടെയും ആർജ്ജവത്തോടെയും തൊഴിൽ ചെയ്യേണ്ടതാണെന്നും തൊഴിലാളികളെ ഈ ദിനം ഓർമ്മപ്പെടുത്തുന്നു.

സിനഡൽ സഭയെ രൂപപ്പെടുത്തുന്നതിനായി തൊഴിലാളികൾക്കൊപ്പം നമുക്ക് സഞ്ചരിക്കാം.

**ബിഷപ്പ് അലക്സ് വടക്കുംതല**

(ചെയർമാൻ, കെ.സി.ബി.സി., ലേബർ കമ്മീഷൻ)

**ബിഷപ്പ് മാർ ജോസ് പൊരുന്നേടം**

(വൈസ് ചെയർമാൻ, കെ.സി.ബി.സി, ലേബർ കമ്മീഷൻ)

**ബിഷപ്പ് തോമസ് മാർ യൗസേബിയൂസ്**

(വൈസ് ചെയർമാൻ, കെ.സി.ബി.സി, ലേബർ കമ്മീഷൻ)

പിഒസി, കേരള കത്തോലിക്കാ സഭയുടെ ആസ്ഥാന കാര്യാലയം

കൊച്ചി 682 025

NB: 2022 ഏപ്രിൽ 24 ഞായറാഴ്ച ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്ക സഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും ഇതു വായിക്കുകയോ, ഇതിലെ ആശയങ്ങൾ വിവരിച്ചു കൊടുക്കുകയോ ചെയ്യേണ്ടതാണ്

www.malankaralibrary.com



**മലങ്കര സുറിയാനി കത്തോലിക്കാ സഭ**

2022-ലെ അൽമായ ദിനത്തോടനുബന്ധിച്ച്,
അൽമായർക്കുവേണ്ടിയുള്ള സുന്നഹദോസ് കമ്മീഷൻ ചെയർമാൻ
**അഭിവന്ദ്യ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ് മെത്രാപ്പോലീത്താ**
പുറപ്പെടുവിക്കുന്ന സർക്കുലർ

# അല്മായ ദിനം

അഭിവന്ദ്യ പിതാക്കന്മാരേ, വന്ദ്യ കോറെപ്പിസ്ക്കോപ്പാമാരേ, വന്ദ്യ റമ്പാച്ചന്മാരേ, ബഹു. വൈദികരേ, ബഹു. സമർപ്പിതരേ, കർത്താവിൽ പ്രിയ സഹോദരി സഹോദരന്മാരേ,

മലങ്കര സുറിയാനി കത്തോലിക്കാ സഭ ഈ വർഷം അല്മായ ദിനം ആചരിക്കുന്നത് മെയ് 01-ഞായറാഴ്ചയാണ്. അല്മായരുടെ വിളിയും ദൗത്യവും സവിശേഷമായി അനുസ്മരിക്കുന്ന ഈ ദിനത്തിന്റെ പ്രാർത്ഥനാശംസകൾ എല്ലാ അല്മായ സഹോദരങ്ങൾക്കും സമൃദ്ധമായി നേരുന്നു!

മാമ്മോദീസായിലൂടെ സഭയാകുന്ന ശരീരത്തോട് ഐക്യപ്പെട്ടവരും ക്രിസ്തുവിന്റെ അവയവങ്ങളോടും സഭാഗാത്രത്തിന്റെ അവയവങ്ങളോടും അഭേദ്യമായി കൂട്ടിച്ചേർക്കപ്പെട്ടതും പരിശുദ്ധാത്മാവിന്റെ പവിത്രവും സജീവവുമായ ആലയങ്ങളും യേശുവിന്റെ പൗരോഹിത്യ പ്രവാചക രാജകീയ ദൗത്യങ്ങളുടെ പങ്കാളികളും വിശുദ്ധിയിലേക്ക് വിളിക്കപ്പെട്ടവരും ലോകത്തിൽ വിശുദ്ധിയുടെ ജീവിത മാതൃകകളുമാണ് അല്മായർ. അല്മായർ എന്ന പദം ലോകത്തോടു ബന്ധപ്പെട്ടവൻ എന്നർത്ഥത്തിൽ ഉപയോഗിച്ചുവരുന്നു. ഇംഗ്ലീഷിൽ നിലവിലുള്ള lay, laity എന്നീ പദങ്ങൾക്ക് പിന്നിലുള്ളത് *laikos* എന്ന ഗ്രീക്കുപദമാണ്. *Laos* എന്ന ഗ്രീക്കുപദത്തിന് ജനത്തോടു ബന്ധപ്പെട്ടത്, ജനം എന്നീ അർത്ഥങ്ങളുണ്ട്. "തെരഞ്ഞെടുക്കപ്പെട്ട", "രാജകീയ", "വിശുദ്ധ", "ദൈവത്തിന്റെ സ്വന്തം" എന്നീ വിശേഷണങ്ങൾകൊണ്ടാണ് സഭയെ പുതിയ നിയമം വിശേഷിപ്പിക്കുന്നത്.

www.malankaralibrary.com



രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ സഭാവിജ്ഞാനീയത്തിൽ കാണുന്ന രണ്ടു പ്രധാന ആശയങ്ങളാണ് ''ദൈവജനം'', ''കൂട്ടായ്മ'' എന്നിവ. ജനം മുഴുവനാണ് ദൈവിക പദ്ധതിയനുസരിച്ച് ദൗത്യ നിർവ്വഹണത്തിനായി വിളിക്കപ്പെട്ടിരിക്കുന്നത്. സഭാസമൂഹത്തിലെ എല്ലാ വേർതിരിവുകൾക്കും വ്യത്യാസങ്ങൾക്കും അപ്പുറമുള്ള കാഴ്ചപ്പാടാണ് ദൈവജനമുൾക്കൊള്ളുന്നത്. അല്മായനും വൈദികനും മെത്രാനും എന്ന വ്യത്യാസമില്ലാതെ, മാമ്മോദീസ വഴി ദൈവജനത്തിലെ അംഗമായിത്തീർന്ന ഓരോ വ്യക്തിയും ദൈവത്താൽ വിളിക്കപ്പെട്ടവനെന്ന നിലയിൽ അന്തസ്സും ദൗത്യവുമുള്ളവനാണ്. ദൈവജനത്തിന്റെ മൂന്ന് വിധത്തിലുള്ള ധർമ്മങ്ങൾ വിശദമാക്കിക്കൊണ്ടാണ് വത്തിക്കാൻ കൗൺസിൽ അല്മായരുടെ ദൗത്യം വ്യക്തമാക്കുന്നത്. പുരോഹിതധർമ്മം, പ്രവാചകധർമ്മം, രാജകീയധർമ്മം ഇവയാണ് ഈ ധർമ്മങ്ങൾ. വൈദികരുടെ ശുശ്രൂഷാ പൗരോഹിത്യത്തിന് പിൻബലമായിട്ടുള്ളത് എല്ലാ വിശ്വാസികളുടെയും പൊതുവായ പൗരോഹിത്യമാണ്. പൊതുവായ പൗരോഹിത്യമില്ലാതെ ശുശ്രൂഷാ പൗരോഹിത്യമില്ല. ലോകത്തിന്റെ വിശാലവേദിയിൽ, അതേസമയം തന്നെ സഭയുടെ ഹൃദയത്തിൽ, ജീവിക്കാൻ വിളിക്കപ്പെട്ടവനാണ് അല്മായൻ.

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രമാണരേഖയായ ''അല്മായ പ്രേഷിതത്വ'' (Apostolicam Actuositatem) ത്തിന്റെ വെളിച്ചത്തിലാണ് വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പ, 1987 ഒക്ടോബർ 1 മുതൽ 30 വരെ റോമിൽ നടന്ന സഭയുടെ ഏഴാമത് സാധാരണ സിനഡ് ''സഭയിലും ലോകത്തിലും അല്മായ വിശ്വാസികളുടെ വിളിയും ദൗത്യവും'' (The Vocation and Mission of the Lay Faithful in the Church and in the World) എന്ന വിഷയം ചർച്ച ചെയ്തത്. ഒരു മാസത്തോളം നീണ്ടുനിന്ന സിനഡ് സമർപ്പിച്ച നിർദ്ദേശങ്ങളിൽ നിന്നാണ് അപ്പസ്തോലിക ആഹ്വാനമായ ''അല്മായ വിശ്വാസികൾ'' (Christifideles Laici) രൂപംകൊണ്ടത്. 1988 ഡിസംബർ 30-ന് വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പ ''അല്മായ വിശ്വാസികൾ'' പ്രസിദ്ധീകരിച്ചു.

എല്ലാ സഭാംഗങ്ങളുടെയും ഭാഗഭാഗിത്വം വഴി ലോകത്തിലുള്ള സഭയുടെ സാന്നിദ്ധ്യവും പ്രവർത്തനവും കാര്യക്ഷമമാക്കുക, അതുവഴി ക്രിസ്തുവിന്റെ രാജ്യം വളർത്തുക എന്നതാണ് അല്മാരെ ഏകോപിപ്പിച്ചു കൊണ്ടുള്ള പ്രവർത്തനങ്ങൾവഴി സഭാമാതാവ് ഉദ്ദേശിക്കുന്നത്. കൂട്ടായ്മയുടെ കാഴ്ചപ്പാടിൽ സഭയെ കാണുമ്പോഴാണ് അല്മായർക്ക് സഭയിൽ സജീവപങ്കാളിത്തം ഉണ്ടാകുന്നത്. വ്യക്തി എന്ന നിലയിൽ ഓരോ ആളിന്റെയും അനന്യതയും പ്രവർത്തനങ്ങളും മൂലം, ഓരോ വ്യക്തിയും സഭാ

www.malankaralibrary.com



സമൂഹത്തിന്റെ വളർച്ചയ്ക്കായുള്ള സേവനത്തിനു നിയുക്തനാണ്. വി. ഗ്രിഗറി ഇങ്ങനെ എഴുതുന്നു: "തിരുസഭയിൽ എല്ലാവരെയും ഓരോരുത്തരും പരിപോഷിപ്പിക്കുന്നു, ഓരോരുത്തരെയും എല്ലാവരും പരിപോഷിപ്പിക്കുന്നു".

അല്മായർ തങ്ങളുടെ ദൗത്യം നിർവ്വഹിക്കേണ്ടത് അവരവരുടെ പ്രവർത്തന മണ്ഡലങ്ങളിൽ വ്യാപൃതരായിക്കൊണ്ടാണ്. കുടുംബം, വിദ്യാലയം, സംഘടനകൾ, സാമുദായികരംഗം, രാഷ്ട്രീയം എന്നിവ അല്മാരുടെ പ്രവർത്തനമേഖലകളാണ്. വ്യക്തികളെ ഒരുമിച്ചുചേർക്കുന്ന അടിസ്ഥാന ഘടകം കുടുംബമാണ്. ഗാർഹിക സഭയാണ് സാർവത്രിക സഭയുടെ ശക്തിയും ചൈതന്യവും. വൈദികരും സന്യസ്തരും മെത്രാന്മാരും മാർപാപ്പാമാരും ജന്മമെടുത്തത് കുടുംബങ്ങളിൽ നിന്നാണ്. കുടുംബങ്ങൾ തകർന്നാൽ സഭയുടെ അടിത്തറ തകരും. കുടുംബത്തിൽ ദൈവാരൂപി നിറഞ്ഞാൽ, പ്രാർത്ഥനാചൈതന്യം പങ്കുവെച്ചാൽ സഭ വളരും.

അല്മായർക്ക് തങ്ങളുടെ ദൗത്യം തനിച്ചും സംഘാതമായും നിർവഹിക്കാം. യഥാർത്ഥ ക്രൈസ്തവജീവിതത്തിൽ നിന്നു മുളയെടുക്കുന്നതും വ്യക്തിനിഷ്ഠവുമായ അല്മായ ദൗത്യത്തിനു പകരം നില്ക്കാൻ മറ്റൊന്നില്ല. സഭയ്ക്കു സ്വതന്ത്രമായി പ്രവർത്തിക്കാൻ കഴിയാത്ത സ്ഥലങ്ങളിലും സാഹചര്യങ്ങളിലും അല്മായ പ്രേഷിതത്വത്തിന് വലിയ പങ്കുണ്ട്. ദൈവാലയത്തിന് പുറത്ത് ക്രൈസ്തവർ വ്യാപരിക്കുന്ന എല്ലാ മേഖലകളിലും ക്രിസ്തുവിന് സാക്ഷ്യം നല്കുന്ന ക്രിസ്ത്യാനിയായി ജീവിക്കാൻ അല്മായന് കഴിയണം. "ലോകത്തിന്റെയും ലൗകിക പ്രവർത്തനങ്ങളുടെയും മദ്ധ്യേ ജീവിക്കുകയെന്നത് അല്മായസ്ഥിതിക്കു യോജിച്ചതുതന്നെയാണ്. അതുകൊണ്ട് ക്രിസ്തുവിന്റെ ചൈതന്യത്താൽ ജ്വലിച്ച് ലോകത്തെ പുളിപ്പിക്കുന്ന മാവെന്നപോലെ സ്വന്തം ദൗത്യം നിർവഹിക്കാൻ ദൈവം അല്മായരെ വിളിച്ചിരിക്കുന്നു" (AA). വിശ്വാസത്തോടുള്ള പ്രതിബദ്ധത ദൈവാലയ കർമ്മങ്ങളിൽ ഒതുങ്ങുകയും സാമൂഹിക രാഷ്ട്രീയ രംഗത്തേയ്ക്കിറങ്ങുമ്പോൾ വിശ്വാസ വിരുദ്ധമായ പ്രത്യയശാസ്ത്രങ്ങളും സമീപനങ്ങളും ഉൾക്കൊണ്ട് പ്രവർത്തിക്കുകയും ചെയ്യുന്ന അവസ്ഥയിലേക്ക് പലപ്പോഴും അല്മായർ വഴുതിവീണിട്ടുണ്ട്. സാമൂഹിക രാഷ്ട്രീയ രംഗത്ത് സത്യത്തിനും നീതിയ്ക്കും വേണ്ടി നിലകൊള്ളാനും ഒരു തിരുത്തൽ ശക്തിയായി പ്രവർത്തിക്കാനും എങ്ങനെ അല്മായരെ തയ്യാറാക്കാം എന്നത് ഇന്നത്തെ സാഹചര്യത്തിൽ സഭയുടെ മുമ്പിലെ വലിയൊരു വെല്ലുവിളിയാണ്.

അല്മായ സഹോദരങ്ങളുടെ ക്രിയാത്മകമായ പ്രവർത്തന മണ്ഡലം ഇടവകയാണ്. സദാ സാർവത്രികമാനമുള്ള സഭാസമൂഹത്തിന്റെ പ്രഥമവും

www.malankaralibrary.com



ദൃശ്യവുമായ അനുഭവം ഏറ്റവും കൂടുതലായി പ്രകടമാകുന്നത് ഇടവകയിലാണ്. അവിടെയാണ് സഭ പ്രാദേശികമായി കാണപ്പെടുന്നത്. ഒരർത്ഥത്തിൽ തന്റെ പുത്രീപുത്രന്മാരുടെ ഭവനങ്ങളിൽ സഭ കുടികൊള്ളുന്നതാണ് ഇടവക. ഇടവകയിലാണ് സഭാരഹസ്യം സന്നിഹിതമായിരിക്കുന്നതും പ്രവർത്തിക്കുന്നതും. ഇടവക പ്രധാനമായും ഒരു സംഘടനയോ പ്രദേശമോ കെട്ടിടമോ അല്ല, പ്രത്യുത ദൈവത്തിന്റെ കുടുംബം ഐക്യപ്പെടുത്തുന്ന, ദൈവാത്മാവ് ഉജ്ജ്വലിക്കുന്ന, ഒരു കൂട്ടായ്മയാണത്. നമ്മെ സ്വാഗതം ചെയ്യുന്ന വീടും കുടുംബവുമാണത്. ഇടവക ദൈവശാത്രപരമായ യാഥാർത്ഥ്യത്തിൽ പടുത്തുയർത്തപ്പെട്ടതാണ്. കാരണം, അത് ഒരു ദിവ്യകാരുണ്യ സമൂഹമാണ്. ഈ സമൂഹത്തെ പടുത്തുയർത്തുന്നതിനും സഭ മുഴുവനോടുമുള്ള പൂർണ്ണമായ കൂട്ടായ്മയുമായി കൗദാശികബന്ധം സ്ഥാപിക്കുന്നതിനുമുള്ള സജീവസ്രോതസാണ് ദിവ്യകാരുണ്യം. ഇടവകയുടെ രൂപീകരണത്തിനും സുസ്ഥിതിയ്ക്കും അല്മായരുടെ നിർണ്ണായകമായ ഭാഗഭാഗിത്വമുണ്ട്.

ഇടവക ഒരു വിശ്വാസസമൂഹം ഒരു ജീവസ്സുറ്റ സമൂഹമാണ് എന്ന വസ്തുതയിലാണ് മേല്പ്പറഞ്ഞവ വേരൂന്നി നില്ക്കുന്നത്. അങ്ങനെയുള്ള ഇടവക സമൂഹം പൗരോഹിത്യ ശുശ്രൂഷകരും അല്മായ വിശ്വാസികളും ചേർന്നതാണ്. രൂപതാദ്ധ്യക്ഷനെ പ്രതിനിധീകരിക്കുന്ന ഇടവകവികാരി പ്രാദേശിക സഭ മുഴുവനുമായുള്ള ഹയരാർക്കിപരമായ ബന്ധം കുറിക്കുന്നു. വിശ്വാസസമൂഹത്തിന്റെ ആത്മീയകേന്ദ്രവും സംരക്ഷണകവചവും ആശ്രയവും ഇടവകയാണ്. ഇടവകസംവിധാനങ്ങൾ പരാജയപ്പെടുന്നതാണ് സഭാമക്കൾ ആത്മീയത തേടി മറ്റ് മേച്ചിൽ പുറങ്ങളിലേക്ക് പോകുന്നതിന്റെ പ്രധാനകാരണം. അല്മായ സഹോദരങ്ങളുടെ ക്രിയാത്മകമായ ഒരു പൊതു പ്രവർത്തന മേഖലയാണ് ഇടവക.

ആധുനികഘട്ടത്തിൽ നീതിപൂർവ്വകമായ സമൂഹനിർമ്മിതി ഒരു സഭാശുശ്രൂഷയാണ്. അങ്ങനെ വരുമ്പോൾ രാഷ്ട്രീയ പ്രവർത്തനം ഒരു ശുശ്രൂഷയായി നാം കാണേണ്ടതുണ്ട്. രാഷ്ട്രീയം എന്നു പറയുന്നത് കക്ഷിരാഷ്ട്രീയമായി മാത്രം കാണരുത്. കക്ഷിരാഷ്ട്രീയത്തിനതീതമായി രാഷ്ട്രീയ പ്രവർത്തനത്തെ കാണാനും പ്രശ്നാധിഷ്ഠിതവും മൂല്യാധിഷ്ഠിതവുമായ രാഷ്ട്രീയ സമവാക്യങ്ങൾ രൂപപ്പെടുത്തിയെടുക്കാനും സഭാമക്കൾക്ക് കഴിയണം. രാഷ്ട്രീയത്തോടുള്ള നിഷേധാത്മക മനോഭാവം വെടിഞ്ഞ് കക്ഷിരാഷ്ട്രീയത്തിനതീതമായി ചിന്തിക്കുന്ന മൂല്യബോധമുള്ള ഒരു പുതിയ അല്മായ തലമുറയെ വാർത്തെടുക്കാൻ നമുക്കു കഴിയണം. കാലിക പ്രശ്നങ്ങളോടു പ്രതികരിക്കാനും കാലത്തിന്റെ ചുവരെഴുത്തുകൾ മനസിലാ

www.malankaralibrary.com



ക്കാനും കഴിയുന്ന ഒരു അല്മായ തലമുറയ്ക്ക് മാത്രമേ പ്രാദേശിക സഭാ രൂപീകരണത്തിൽ സജീവമായി പങ്കെടുക്കാനും പ്രതിസന്ധികളിൽ സഭ യുടെ ശബ്ദമാകുവാനും ശക്തിപകരാനുമാകുകയുള്ളൂ.

"കൂട്ടായ്മയാണ് സഭ" എന്ന ദൈവശാസ്ത്ര ചിന്തയുടെ അടിസ്ഥാന ത്തിൽ അല്മായ വിളിയും ദൗത്യവും ചിന്താവിഷയമാക്കുമ്പോൾ സഭാശു ശ്രൂഷകളുടെ വൈവിധ്യമാർന്ന പങ്കാളിത്തമാണ് കൂട്ടായ്മയിൽ എല്ലാവ രെയും ഒന്നിപ്പിക്കുന്നത് എന്നു കാണാം. പങ്കുവയ്ക്കുന്നവരും ശുശ്രൂഷക ളിലൂടെ സേവനം ചെയ്യുന്നവരും "ഒരു ഹൃദയവും ഒരാത്മാവും ആയിരിക്കു ന്നത്" (അപ്പ. 4:32) കൂട്ടായ്മയിലൂടെയാണ്. നമ്മുടെ കൂട്ടായ്മകളിൽ സഭാ മക്കളുടെ സജീവത്വത്തെക്കുറിച്ച് നാം വിലയിരുത്തേണ്ടതും, മാറ്റങ്ങൾക്ക് വിധേയമാക്കേണ്ടതുമാണ്. സഹയാത്രികയായ സഭയെകുറിച്ച് പഠിക്കാനും വിലയിരുത്തുവാനും പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പ വിളിച്ചുചേർക്കുന്ന 2023-ലെ മെത്രാന്മാരുടെ സിനഡ് നമുക്ക് പുതിയ ദിശാബോധം നല്കു ന്നു. വിദ്യാഭ്യാസ, ആരോഗ്യ, നിയമ മേഖലകളിൽ, കാർഷിക സാമൂഹ്യ സേവന, സാംസ്ക്കാരിക, രാഷ്ട്രീയ തലങ്ങളിൽ, സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ, വാണിജ്യ വ്യവസായ സംരംഭങ്ങളിൽ, എന്നുവേണ്ട ജീവി തത്തിന്റെ സമസ്ത മേഖലകളിലുമുള്ള സഭാമക്കളെ സഭയുടെ മുഖ്യധാ രയിൽ ഉയർത്തിക്കാട്ടിയും ശക്തിപ്പെടുത്തിയും സഭയ്ക്ക് പുതിയ മുഖവും പുത്തൻ ഉണർവ്വും സാധ്യമാക്കേണ്ടിയിരിക്കുന്നു.

വളർന്നുകൊണ്ടിരിക്കുന്ന ഭീകരപ്രസ്ഥാനങ്ങൾക്കു മുന്നിൽ വിശ്വാസി കളുടെ ജീവനും സുരക്ഷിതത്വവും പോലും നമുക്ക് ഉറപ്പാക്കാനാവില്ല. ഇത് തിരിച്ചറിയണമെങ്കിൽ ഇന്ത്യയിലെ മാറിക്കൊണ്ടിരിക്കുന്ന സാമൂഹ്യ രാഷ്ട്രീയ മേഖലകളെക്കുറിച്ച് കൂടുതൽ അറിയുകയും പഠിക്കുകയും വേണം. എതിർപ്പുകളും അവഹേളനങ്ങളും നിരന്തരം നേരിടേണ്ടിവരും. സഭയുടെ സേവന ശുശ്രൂഷാ മേഖലകളിലേയ്ക്കും ആത്മീയ തലങ്ങളി ലേക്കും ഈ എതിർപ്പുകൾ ഇന്ന് വ്യാപിച്ചുകൊണ്ടിരിക്കുന്നു. ഭരണഘടന വാഗ്ദാനം ചെയ്യുന്ന അവകാശങ്ങൾ നിഷേധിക്കപ്പെടുമ്പോൾ നിശബ്ദരായി നോക്കിയിരിക്കാനേ നമുക്കാകുന്നുള്ളൂ. മൗലിക അവകാശങ്ങൾ പോലും റദ്ദ്ചെയ്യുന്നതിന് നാം സാക്ഷികളാകേണ്ടിവരും. സഭാവിരുദ്ധ ശക്തികളും പ്രത്യയശാസ്ത്രങ്ങളും വിശ്വാസിസമൂഹത്തിലേയ്ക്ക് അനുദിനം കടന്നു കൂടി കരുത്താർജ്ജിക്കുകയാണ്. ആത്മീയതയെ അട്ടിമറിച്ച് സമ്പത്തും സ്ഥാപനങ്ങളും സഭയിൽ ഇടംതേടുന്നതിന്റെ ഭവിഷ്യത്തുകൾ ഭിന്നതകളു ടെയും പരസ്പര പോരാട്ടങ്ങളുടെയും രൂപത്തിൽ സഭയെയും സഭാമക്ക ളെയും പൊതുസമൂഹത്തിൽ അപഹാസ്യരാക്കുന്നു.

www.malankaralibrary.com



രണ്ടാം വത്തിക്കാൻ സൂന്നഹദോസിന്റെ ചൈതന്യമുൾക്കൊണ്ട് ക്രിസ്തുവിന്റെ രാജകീയ-പൗരോഹിത്യ-പ്രവാചക ധർമ്മങ്ങളിൽ പൂർണ്ണ മനസ്സോടെയും ബോധ്യത്തോടെയും പങ്കാളികളാകുന്ന നിരവധി അത്മായരുണ്ട്. ഒരർത്ഥത്തിൽ ഇടവകകളുടെ ജീവനും നട്ടെല്ലും അവരാണ്. മതാദ്ധ്യാപകർ, സംഘടനാപ്രവർത്തകർ, യുവജനങ്ങൾ, അല്മായ പ്രേഷിതർ, സാമൂഹ്യപ്രവർത്തകർ എന്നിങ്ങനെ പല റോളുകളിൽ നമ്മളവരെ കണ്ടെത്തുന്നുണ്ട്. സത്യസഭയുടെ ദർശനത്തിനനുസൃതം കർമ്മ നിരതരാകുകയും പ്രതിബദ്ധതയോടെ സഭാ ജീവിതം നയിക്കുകയും ചെയ്യുന്ന എല്ലാ അല്മായ സഹോദരങ്ങളെയും അഭിനന്ദിക്കുന്നു. അല്മായ പങ്കാളിത്തവും കൂട്ടുത്തരവാദിത്വവും സവിശേഷതയായുള്ള മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്ക് ഇനിയും വളരെ ദൂരം മുന്നോട്ടുപോകേണ്ടതുണ്ട്. അല്മായ സഹോദരങ്ങൾ സഭയോടൊത്ത്, പ്രതിബദ്ധതയോടെ മുന്നോട്ട് യാത്രചെയ്യുവാനുള്ള ഓർമ്മപ്പെടുത്തലും പ്രചോദനവുമാകട്ടെ അല്മായദിനം.

അല്മായദിനം മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ അല്മായരുടെ പൊതു ആഘോഷമാണ്. എം.സി.എ, മാതൃസംഘം, പിതൃസംഘം, വിൻസെന്റ് ഡി. പോൾ സൊസൈറ്റി, ലീജിയൻ ഓഫ് മേരി തുടങ്ങിയ എല്ലാ അല്മായ സംഘടനകളും ഒരുമിച്ച് ഈ ദിനം സമുചിതമായി ആഘോഷിക്കുമല്ലോ. സഭയുടെ വളർച്ചയ്ക്കും സമൂഹത്തിന്റെ വികസനത്തിനും കെട്ടുറപ്പിനും അല്മായ പ്രസ്ഥാനങ്ങൾ നൽകുന്ന നേതൃത്വവും സഹകരണവും ഞാൻ നന്ദിയോടെ ഇത്തരുണത്തിൽ സ്മരിക്കുകയും വിലമതിക്കുകയും ചെയ്യുന്നു. സുവിശേഷസംഘത്തിലൂടെ അല്മായ സഹോദരീ സഹോദരന്മാർ നല്കുന്ന സാക്ഷ്യജീവിതവും ആത്മസമർപ്പണവും ഞാൻ നന്ദിയോടെ ഓർക്കുന്നു. ബാഹ്യകേരള പശ്ചാത്തലത്തിൽ ഭവനങ്ങൾ കേന്ദ്രീകരിച്ചുള്ള മിഷൻ പ്രവർത്തനശുശ്രൂഷയിൽ അല്മായ സഹോദരങ്ങൾ കാണിക്കുന്ന പ്രതിബദ്ധത നിസ്തുലമാണ്. പ്രവാസജീവിതത്തിന്റെ പരിമിതിയും ബുദ്ധിമുട്ടുകളും വകവയ്ക്കാതെ പ്രേഷിത തീഷ്ണതയാൽ നിറയുന്ന അല്മായ സഹോദരങ്ങൾ തിരുസഭയുടെ ശോഭയേറിയ സാക്ഷ്യമുഖമാണ്. ക്ലേശമേറിയ പ്രവാസ ജീവിതത്തിലും അധ്വാനത്തിന്റെ വലിയ ഒരു ഓഹരി തിരുസഭയുടെ കാരുണ്യ പ്രവർത്തനങ്ങൾക്കായി നീക്കിവെയ്ക്കുന്ന സഹോദരങ്ങളെ ഞാൻ കടപ്പാടോടെ ഓർക്കുന്നു. ക്ലേശമേറിയ കോവിഡനന്തരകാലത്ത് ആത്മീയ ജീവിതത്തിൽ തീഷ്ണതയോടെ ജീവിക്കാനുള്ള ഉൾക്കരുത്ത് അല്മായ സഹോദരങ്ങൾക്ക് ദൈവാത്മാവ് പകരട്ടെ.

www.malankaralibrary.com



അല്മായദിനത്തിലെ വിശുദ്ധ കുർബാനയുടെ സ്തോത്രകാഴ്ച നമ്മുടെ സഭയിലെ അല്മായ ശുശ്രൂഷയ്ക്കുവേണ്ടിയാണല്ലോ നാം വിനിയോഗിക്കുന്നത്. അന്നേ ദിവസം ഉദാരമായി സ്തോത്രകാഴ്ച നൽകി അനുഗ്രഹീതരാകുവാൻ ഏവരെയും ഞാൻ ആഹ്വാനം ചെയ്യുന്നു. നമ്മുടെ സഭയുടെ പ്രത്യേക കാനോന 601 പ്രകാരം പ്രസ്തുത സ്തോത്രകാഴ്ച സമാഹരിച്ച് ബഹു. വികാരിയച്ചന്മാർ അതത് അതിഭദ്രാസന/ഭദ്രാസന പ്രൊക്കുറേറ്റർമാരുടെ പേർക്ക് അയച്ചുകൊടുക്കേണ്ടതും പ്രൊക്കുറേറ്റർമാർ പ്രസ്തുത തുകയുടെ പകുതി ഭദ്രാസനതല അൽമായ ശുശ്രൂഷകൾക്ക് വിനിയോഗിക്കേണ്ടതും, മറ്റേ പകുതി കാതോലിക്കേറ്റ് സെന്ററിൽ സഭയുടെ ഫിനാൻസ് ഓഫീസിൽ എത്തിക്കേണ്ടതുമാണ്. അല്മായ പ്രസ്ഥാനങ്ങളുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വി. യൗസേഫ് പിതാവ് നമുക്ക് തുണയും മദ്ധ്യസ്ഥനുമായിരിക്കട്ടെ. കുടുംബ വർഷാചരണം അർത്ഥവത്തായും, ഫലപ്രദമായും നമുക്ക് ആചരിക്കാം. കുടുംബങ്ങളുടെ നവീകരണവും വിശുദ്ധിയും നമുക്ക് നേടിയെടുക്കാം.

ഉത്ഥിതനായ കർത്താവ് എല്ലാ അല്മായ ശുശ്രൂഷകളെയും വാഴ്ത്തി അനുഗ്രഹിക്കട്ടെ.

എന്ന്

**✠ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ്**
അൽമായർക്കുവേണ്ടിയുള്ള
സുന്നഹദോസ് കമ്മീഷൻ ചെയർമാൻ &
മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷൻ

www.malankaralibrary.com



**THE SYRO-MALANKARA CATHOLIC**
**MAJOR ARCHIEPISCOPAL CHURCH**

✠ **BASELIOS CARDINAL CLEEMIS**
MAJOR ARCHBISHOP-CATHOLICOS &
MAJOR ARCHBISHOP OF TRIVANDRUM

RESIDENCE & COMMUNICATION
MAJOR ARCHBISHOP'S HOUSE
PATTOM, TRIVANDRUM-695 004
KERALA, INDIA.
Office: Tel: +91-471-2541642, 2541643
E-mail: catholicostvm@gmail.com
Personal Tel: +91 471 2541331
E-mail: baselioscleemis@gmail.com
Web: malankaratvm.com

Prot. N. MAB 02/196/22

10 April 2022

ബഹുമാനപ്പെട്ട വൈദികരെ,

ഇക്കഴിഞ്ഞ കോവിഡ് കാലഘട്ടത്തിൽ ഗവണ്മെന്റ് പ്രോട്ടോകോളുകൾ പാലിക്കുന്നതിന്റെ ഭാഗമായി നമ്മുടെ എല്ലാ ദൈവാലയങ്ങളിലും വി. കുർബാന തിരുശരീരം മാത്രമായി (Single Species) കൈകളിലാണല്ലോ നൽകിയിരുന്നത്. എന്നാൽ ഇപ്പോൾ കോവിഡ് രോഗത്തിന്റെ തീവ്രത കുറഞ്ഞു വരികയും, ഗവണ്മെന്റ് നൽകിയിരുന്ന നിയന്ത്രണങ്ങൾ പിൻവലിക്കുകയും ചെയ്ത ഈ സാഹചര്യത്തിൽ നമ്മുടെ ദൈവാലയങ്ങളിൽ **പെസഹാ വ്യാഴാഴ്ച മുതൽ വി. കുർബാന തിരുശരീരവും തിരുരക്തവും ഒരുമിച്ചു (Two Species) നാവിൽ തന്നെ നൽകാവുന്നതാണ്** എന്ന് പ്രത്യേകമായി അറിയിക്കുന്നു. എല്ലാ ബഹുമാനപ്പെട്ട വൈദികർക്കും അനുഗ്രഹപ്രദമായ ഹാശാആഴ്ചയും ഉയിർപ്പു തിരുനാളും ആശംസിക്കുന്നു. ദൈവം നിങ്ങളെ ഏവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

കർത്താവിൽ സ്നേഹപൂർവ്വം,

+Baselios Cleemis

+കർദ്ദിനാൾ ബസേലിയോസ് ക്ലീമിസ് ബാവാ
മേജർ ആർച്ചുബിഷപ്പ് കാതോലിക്കോസ്.

MAJOR ARCHIEPISCOPAL CURIA
CATHOLICATE CENTRE, PATTOM, TRIVANDRUM-695 004, KERALA, INDIA.
Web: www.catholicate.net

www.malankaralibrary.com



# രൂപതാ വാർത്തകൾ

## Transfer List and New Appointments 2022

| | | | |
|---|---|---|---|
| 1. | Very Rev. Fr. Sebastian Ambasseril | - | Chancellor of the Dioceese of Pathanamthitta |
| 2. | Rt. Rev. Daniel Kuzhithadathil Cor Episcopo | - | Ulanad Parish and District Vicar of Pandalam Eccl. District |
| 3. | Rev. Fr. George Mathew Thekkeputhuvelil | - | Konni Thazham |
| 4. | Rev. Fr. Koshy George Chirayathu | - | Thumpamon - Mampilali |
| 5. | Rev. Fr. John G. Vadakkepuram | - | Oonnukal |
| 6. | Rev. Fr. Zacharias Pushpavilasam | - | Elanthoor |
| 7. | Rev. Fr. Joseph Kalavila | - | Vazhamuttom |
| 8. | Rev. Fr. Varghese Kaithon | - | Vakayar Pezhumkal |
| 9. | Rev. Fr. Varghese Koothineth | - | Puthenpeedika |
| 10. | Rev. Fr. Varghese Samuel Kizhakkevila | - | Vayalathala |
| 11. | Rev. Fr. Joshy Vazhappillethu | - | U. S. A. |
| 12. | Rev. Fr. Jinse Mepurathu | - | Keekozhoor |
| 13. | Rev. Fr. Varghese Vilayil | - | Seethathodu, Gurunadhanmannu, Pampavally Moolakkayam |
| 14. | Rev. Fr. Philip (Moncy) Kaleeckal | - | U. S. A. |
| 15. | Rev. Fr. Geevarghese Palamoottil | - | Athirumkal, Kokkathodu, Kallely Kallelythottam |
| 16. | Rev. Fr. Sijo Charivuparampil | - | Valanchuzhy Poonkavu |

www.malankaralibrary.com



| | | | |
|---|---|---|---|
| 17. | Rev. Fr. Robin Mankkalethu | - | Karakkad,<br>Kurampala,<br>Kulanada |
| 18. | Rev. Fr. Sebastian John Kizhakkethil | - | Athumpumkulam<br>Avolikkuzhy |
| 19. | Rev. Fr. Prince Koickal | - | V. Kottayam<br>Elappupara |
| 20. | Rev. Fr. Joshua Mavelil | - | U. S. A. |
| 21. | Rev. Daniel Bethel | - | Erathumpamon<br>Pampumala |
| 22. | Rev. Fr. George Varghese Puthuparampil | - | Attachakkal |
| 23. | Rev. Fr. Geevarghese (Joicy) Puthuparampil | - | Prakkanam<br>Pulinthitta |
| 24. | Rev. Fr. Joel Poweth | - | Muttathukonam |
| 25. | Rev. Fr. Thomas Vadakkekkara | - | Thottamon<br>Thekkummala |
| 26. | Rev. Fr. John Achuthaparampil | - | Vayyattupuzha<br>Pampini |
| 27. | Rev. Fr. Samuel Thekkekavinal | - | Mezhuveli West<br>Mezhuveli East |
| 28. | Rev. Fr. Varghese (Achu) Chamakalayil | - | Thannithodu<br>Karimanthodu |
| 29. | Rev. Jithin Madathil | - | Maniyar<br>Amalagiri |
| 30. | Rev. Fr. John Koodathinal | - | Chengara<br>Ponnambu |
| 31. | Rev. Fr. Justine Thoppil Kizhakkethil | - | Pune |
| 32. | Rev. Fr. Bejoy Thundiyathu | - | Murinjakal<br>Assi. Vicar of<br>Pezhumkal |
| 33. | Rev. Fr. John Shankarathil OSFS | - | Oottupara |
| 34. | Rev. Fr. Thomas Sijo Muruppel Thadathil OIC | - | Vadakkupuram |
| 35. | Rev. Fr. Thomas Prasanth Kannimel OIC | - | Mulanthara |
| 36. | Rev. Fr. Shaiju Mannoomattathil OFM Cap | - | Assit. Vicar of<br>Mylappara<br>Marygiri |

www.malankaralibrary.com



| | | | |
|---|---|---|---|
| 37. | Rev. Fr. Subin Kaleeckal | - | Personal Secretary to His Excellency |
| 38. | Rev. Fr. John Mangalathil | - | HouseMinister, Bishop's House and Asst. Vicar of Keekozhur |
| 39. | Rev. Fr. David Pezhummoottil | - | Assit. Vicar of Athirumkal, Kallely, Kokkathodu Kallelythottom |
| 40. | Rev. Fr. Mathew Parummoottil | - | Assit. Vicar of Karakakd, Kurampala Kulanada |
| 41. | Rev. Fr. Scott Sleeba Pulimoodan | - | Assit. Vicar of Seethathodu, Gurunathanmannu, Moolakkayam Pampavally and Asst. Director of Mar Ivanios ITI, Seethathodu |
| 42. | Rev. Fr. Johnson Charuvil | - | Pune |

**ഏവർക്കും പ്രാർത്ഥനാശംസകൾ**

*Information*

Official Mobile Number of the Secretary to the Bishop of Pathanamthitta

**+ 91 8848115601**

Official Number of Fr. Procurator of Diocese of Pathanamthitta

**+91 8281749820**

www.malankaralibrary.com



# എം. സി. വൈ. എം.

## കെ. സി. വൈ. എം. സെനറ്റ്

കെ. സി. വൈ. എം. സംസ്ഥാന സമിതിയുടെ പാലക്കാട് വെച്ച് നടത്തപ്പെട്ടു. വാർഷിക സൈനറ്റിൽ പത്തനംതിട്ട രൂപത പ്രതിനിധികൾ പങ്കെടുത്ത് രൂപത പ്രവർത്തനങ്ങൾ അവതരിപ്പിച്ചു. ജനുവരി മാസം 7, 8, 9 തീയതികളിൽ നടന്ന സെനറ്റിൽ രൂപതയെ പ്രതിനിധീകരിച്ച് 7 പേർ പങ്കെടുത്തു.

## വാർഷിക സെനറ്റും തെരഞ്ഞെടുപ്പും




എം. സി. വൈ. എം. പത്തനംതിട്ട രൂപതയുടെ 2021 വർഷത്തെ വാർഷിക സെനറ്റും 2022 - 23 വർഷത്തെ ഭരണസമിതി തെരഞ്ഞെടുപ്പും 2021 ഡിസംബർ മാസം 26-ാം തീയതി ഞായറാഴ്ച രാവിലെ 8.00 മുതൽ ഊട്ടുപ്പാറ സെന്റ് മേരീസ് മലങ്കര കത്തോലിക്കാ ദേവാലയത്തിൽ വച്ച് നടത്തപ്പെട്ടു. വിശുദ്ധ കുർബ്ബാനയോടെ ആരംഭിച്ച സെനറ്റ് സമ്മേളനം പത്തനംതിട്ട രൂപതയുടെ വികാരി ജനറാൾ മോൺ. ഡോ. ഷാജി മാണികുളം ഉദ്ഘാടനം ചെയ്തു. യുവജന സഭ ഭദ്രാസന പ്രസിഡന്റ് ജിഫിൻ സാം അദ്ധ്യക്ഷത വഹിച്ച സെനറ്റ് സമ്മേളനത്തിൽ 5 വൈദീക ജില്ലയുടെ ഭാരവാഹികൾ വൈദീക ജില്ലാ

www.malankaralibrary.com



പ്രവർത്തനങ്ങൾ അവതരിപ്പിച്ചു. തുടർന്ന് ഭദ്രാസന ഡയറക്ടർ റവ. ഫാ. ഏബ്രഹാം മേപ്പുറത്ത് മുഖ്യ വരണാധികാരിയായി 2022 – 23 വർഷത്തെ തെരഞ്ഞെടുപ്പ് നടത്തി. പ്രസ്തുത സെനറ്റ് സമ്മേളനം പ്രസിഡന്റ് അജോഷ് തോമസ്, വൈസ് പ്രസിഡന്റ് അലീന ജോസഫ്, ജിജോ സി. വൈ, ജനറൽ സെക്രട്ടറി ബിബിൻ ഏബ്രഹാം, സെക്രട്ടറി ജിറ്റി കെ. ഏബ്രഹാം, ആശംസ് മാത്യു, ആൽബി കെ. ഷോജി, ട്രഷറാർ ലിജോ ഫിലിപ്പ്, സഭാതല സിൻഡിക്കേറ്റ് സുബിൻ തോമസ്, സുസ്മി അന്ന തോമസ്, കെ. സി. വൈ. എം. സിൻഡിക്കേറ്റ്, ലിനു വി. ഡേവിഡ്, ജിഷ ജോസ്, കെ.സി. വൈ. എം. സൈനറ്റ് സിറിൽ വർഗ്ഗീസ്, ഷിൻസി മറിയം, എക്സ് ഓഫീഷോ ജിഫിൻ സാം എന്നിവരെ 2022 – 23 വർഷത്തെ ഭാരവാഹികളായി തെരഞ്ഞെടുത്തു.

## സത്യപ്രതിജ്ഞ

2022 – 23 എം. സി. വൈ. എം. പത്തനംതിട്ട ഭദ്രാസനസമിതി 2021 ഡിസംബർ മാസം 27–ാം തീയതി തിങ്കളാഴ്ച രൂപത അദ്ധ്യക്ഷൻ അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് പിതാവിന്റെ മുമ്പാകെ സത്യപ്രതിജ്ഞത ചെയ്ത് അധികാരമേറ്റു.

## അഭിനന്ദനങ്ങൾ

കെ. സി. വൈ. എം. സംസ്ഥാന ട്രഷറാർ ആയി തെരഞ്ഞെടുക്കപ്പെട്ട കെ. സി. വൈ. എം. പത്തനംതിട്ട ഭദ്രാസന സിൻഡിക്കേറ്റ് ലിനു വി. ഡേവിഡിന് മാതൃ ഭദ്രാസനത്തിന്റെ അഭിനന്ദനങ്ങളും ഒപ്പം പുതിയ പ്രവർത്തന വീഥിയിൽ പ്രാർത്തനാശംസകളും.

## യുവജന സഭ ആത്മീയ നേതൃത്വത്തിലേക്ക്

എം. സി. വൈ. എം. പത്തനംതിട്ട ഭദ്രാസനത്തിന്റെ പുതിയ ഡയറക്ടറായി റവ. ഫാ. സ്കറിയ പതാലിനെ അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് പിതാവിനാൽ നിയമിച്ചു. പുതിയ ഡയറക്ടർ 2022 ജനുവരി മാസം 6–ാം തീയതി വ്യാഴാഴ്ച പത്തനംതിട്ട അരമനയിൽ വച്ച് സ്ഥാനമേറ്റെടുത്തു. പ്രസ്തുത ചടങ്ങിൽ എം. സി. വൈ.

www.malankaralibrary.com



എം. രൂപതാ പ്രസിഡന്റ് അജോഷ് തോമസ് അദ്ധ്യക്ഷത വഹിച്ചു. എം. സി. വൈ. എം. കുടുംബത്തെ കഴിഞ്ഞ രണ്ട് വർഷക്കാലം കരുതലോടെ ഒപ്പമായിരുന്ന് നയിച്ച റവ. ഫാ. ഏബ്രഹാം മേപ്പുറത്തിനെ യുവജനസഭ ഈ അവസരത്തിൽ നന്ദിയോടെ ഓർക്കുന്നു. പുതിയ ഡയറക്ടർ സ്കറിയ പതാലിൽ അച്ചനെ യുവജന സഭയിലേക്ക് ഹൃദ്യമായി സ്വാഗതം.

## കരുതലിന്റെ കരങ്ങളുമായി യുവജനസഭ



എം. സി. വൈ. എം. ന്റെ നേതൃത്വത്തിൽ നടന്ന പത്തനംതിട്ട ഭദ്രാസന സ്ഥാപകദിനാഘോഷങ്ങളുടെ ഭാഗമായി ളാക്കൂർ കാരുണ്യഭവന്റെ പ്രവർത്തനങ്ങൾക്കായി രൂപതാ സെക്രട്ടറിയേറ്റ് അംഗങ്ങൾ സാമ്പത്തിക സഹായം നൽകി.

## രൂപതാ ദിന ക്വിസ് മത്സരം




രൂപതാ ദിനാഘോഷത്തിന്റെ ഭാഗമായി നടത്തപ്പെട്ട രൂപതാ ചരിത്ര ക്ലാസ്സ് ആസ്പദമാക്കി 2022 ജനുവരി മാസം 30-ാം തീയതി എം. സി. വൈ. എം. പത്തനംതിട്ട ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ ഓൺലൈൻ ക്വിസ് മത്സരം സംഘടിപ്പിച്ചു. ഏകദേശം 70 ഓളം പേർ വിവിധ രൂപതകളിൽ നിന്നിന്ന് പങ്കെടുത്ത ക്വിസ് മത്സരത്തിൽ മീതു എൽസ മാത്യു, കാരയ്ക്കാട് യൂണിറ്റ് ഒന്നാം സ്ഥാനവും, ദിഖിൽ സാബു വർഗീസ് മെഴുവേലി വെസ്റ്റ് യൂണിറ്റ് രണ്ടാം സ്ഥാനവും ആൻഡ്രിയ മരിയ മാത്യു ചുങ്കപ്പാറ യൂണിറ്റ്, അലീന എലിസബേത്ത് മാത്യു ഇലന്തൂർ യൂണിറ്റ് എന്നിവർ മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

www.malankaralibrary.com



## യുവജന സഭ രൂപതയെ അറിയാൻ രൂപതാ ദിനാഘോഷം




തീർത്ഥാടനപ്പെരുമയുടെ യശസ്സ് പേറുന്ന പത്തനംതിട്ട ജില്ലയിൽ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ രൂപത നിലവിവ് വന്നിട്ട് 12 വർഷങ്ങൾ പൂർത്തിയാക്കുന്നതിന്റെ ഭാഗമായി എം. സി. വൈ. എം. പത്തനംതിട്ട രൂപതയുടെ നേതൃത്വത്തിൽ രൂപതാ ദിനാഘോഷം സംഘടിപ്പിച്ചു. 2022 ജനുവരി മാസം 25 –ാം തീയതി ഓൺലൈനായി നടത്തപ്പെട്ട രൂപതാ ദിനാഘോഷത്തിൽ എം. സി.വൈ. എം. പത്തനംതിട്ട രൂപതാ പ്രസിഡന്റ് അജോഷ് എം. തോമസ് അദ്ധ്യക്ഷത വഹിച്ചു. അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് പിതാവ് രൂപതാ ദിന സന്ദേശം നൽകി. തുടർന്ന് എം. സി. വൈ. എം. സഭാതല സമിതി ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ കിഴക്കേതിൽ രൂപതാ ചരിത്ര ക്ലാസ്സ് യുവജനങ്ങൾക്കായി നൽകി. ഗൂഗിൾ മീറ്റ്, യൂ ട്യൂബ് എന്നീ ഓൺലൈൻ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി നടത്തിയ രൂപതാ ദിനാഘോഷത്തിൽ 250 ൽ പരം അംഗങ്ങൾ പങ്കെടുത്തു.

## അഭിനന്ദനങ്ങൾ




എം. ജി. യൂണിവേഴ്സിറ്റി എം. എ ഹിന്ദി പരീക്ഷയിൽ മൂന്നാം റാങ്ക് നേടിയ എം. സി. വൈ. എം. ചന്ദനപ്പള്ളി യൂണിറ്റ് അംഗം സുമി തോമസിന് എം. സി. വൈ. എം. പത്തനംതിട്ട ഭദ്രാസനത്തിന്റെ അഭിനന്ദനങ്ങൾ

www.malankaralibrary.com



## പ്രതിഷേധ സമരങ്ങൾ

നവ മാധ്യമങ്ങളിൽ കൂടി ക്രിസ്തീയ സന്യാസത്തെ ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെ പേരിൽ അവഹേളന പാത്രമായി ചിത്രീകരിച്ചതിനെ എം. സി. വൈ. എം. പത്തനംതിട്ട രൂപത സമിതി അപലപിച്ചു. പ്രസ്തുത വിഷയത്തിൽ നവ മാധ്യമങ്ങളിൽക്കൂടി യുവജന സഭയുടെ പ്രതിഷേധം അറിയിച്ചു. ക്രൈസ്തവന്റെ ആരാധനാ സ്വാതന്ത്ര്യത്തിന് വിലക്ക് ഏർപ്പെടുത്തിയിട്ടുള്ള ലോക്ക് ഡൗൺ നിയന്ത്രണത്തിന് എതിരെയുള്ള പ്രതിഷേധത്തിൽ എം. സി. വൈ. എം. പത്തനംതിട്ട രൂപതയും പങ്കാളിയായി. പ്രസ്തുത വിഷയം ഉന്നയിച്ച് ഞായറാഴ്ച ദൈവാലയങ്ങളിൽ വിശ്വാസികൾക്ക് ആരാധനാ സ്വാതന്ത്ര്യം അനുവദിക്കണം എന്നാവശ്യപ്പെട്ട് എം. സി. വൈ. എം. പത്തനംതിട്ട രൂപതാ സമിതി കളക്ടർക്ക് പരാതി നൽകി.

## അഭിനന്ദനങ്ങൾ

എം. സി. വൈ. എം. സഭാതല സമിതി നടത്തിയ സൂര്യതേജസ് കവിത രചന മത്സരത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ സജി ഞവരക്കലിന് (മുറിഞ്ഞിക്കൽ ഇടവക) എം. സി. വൈ. എം. പത്തനംതിട്ട ഭദ്രാസനത്തിന്റെ അഭിനന്ദനങ്ങൾ.

എം. സി. വൈ. എം. സഭാതല ജനറൽ സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട എം. സി. വൈ. എം. പത്തനംതിട്ട രൂപത സഭാതല സിൻഡിക്കേറ്റ് സുബിൻ തോമസിന് എം. സി. വൈ. എം. പത്തനംതിട്ട ഭദ്രാസനത്തിന്റെ അഭിനന്ദനങ്ങൾ.

## ഗ്ലോബൽ മീറ്റ്

2022 ജനുവരി 26, 27 തീയതികളിൽ നടന്ന ഓൺലൈൻ സഭാതല ഗ്ലോബൽ മീറ്റിൽ എം. സി. വൈ. എം. പത്തനംതിട്ട രൂപത സമിതി പങ്കെടുത്തു പ്രവർത്തനങ്ങൾ അവതരിപ്പിച്ചു.

www.malankaralibrary.com



# വിശ്വാസധാര

## അദ്ധ്യാപക തെരഞ്ഞെടുപ്പ്

ഇടവകയിൽ പുതിയ വർഷത്തിൽ വിശ്വാസം പഠിപ്പിക്കുന്നതിനുള്ള അദ്ധ്യാപക നിയമനം 2022 മെയ് 8 ഞായറാഴ്ച നടത്തപ്പെടും.

## അദ്ധ്യാപക സംഗമം, ഹോറേബ് 2022

വിശ്വാസപരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാ പ്രഥമ അദ്ധ്യാപകരുടേയും സിസ്റ്റേഴ്സിന്റേയും സംഗമം, ഹോറേബ് 2022 ചന്ദനപ്പള്ളി സെന്റ് ജോർജ്ജ് തീർത്ഥാടന ദേവാലയത്തിൽ വച്ച് 2022 മെയ് 21 ന് ശനിയാഴ്ച 9.00 മുതൽ നടത്തപ്പെടും.

## കൊയ്നോണിയ 2022 (എം. ബി. ഓ. സി)

അവധിക്കാല മലങ്കര ബൈബിൾ ഓറിയന്റേഷൻ ക്യാമ്പ് 2022 മെയ് മാസത്തിലെ ആദ്യ മൂന്ന് ആഴ്ചകളിൽ നടത്തപ്പെടുന്നു.

## മത്സരപരീക്ഷ

മൂന്ന് മുതൽ 9, 11 വരെ ക്ലാസ്സുകളുടെ മത്സര പരീക്ഷയും 10, 12, ഡിഗ്രി ക്ലാസ്സുകളുടെ വാർഷീക പരീക്ഷയും 2022 മെയ് 15 ഞായറാഴ്ച 2.00 മണിക്ക് ജില്ലാ കേന്ദ്രങ്ങളിൽ വച്ച് നടത്തപ്പെടുന്നു.

## പുതിയ അദ്ധ്യായന വർഷം

2022 – 2023 അദ്ധ്യായന വർഷം 2022 മെയ് 29 ഞായറാഴ്ച ആരംഭിക്കുന്നതാണ്.

പാഠപുസ്തകം, ഡയറി, ഹാജർബുക്ക് ഇവയുടെ വിതരണം മെയ് 30 മുതൽ ആരംഭിക്കുന്നതാണ്. ഈ വർഷം മുതൽ നേഴ്സറി സെക്ഷനിൽ എൽ. കെ. ജി. യു. കെ. ജി എന്നീ ക്ലാസ്സുകൾ ഉണ്ടായിരിക്കുന്നതാണ്.

www.malankaralibrary.com



### മതാദ്ധ്യാപകർക്കുള്ള പരീക്ഷ

മലങ്കര ടി. വി. യിലൂടെ മതാദ്ധ്യാപക പഠന കളരിയുടെ 10 എപ്പിസോഡുകൾ പൂർത്തിയായപ്പോൾ സഭാതലത്തിൽ നടന്ന ഒന്നാം പരീക്ഷയിൽ പത്തനംതിട്ട രൂപതയിൽ നിന്ന് 450 ൽ പരം അദ്ധ്യാപകർ പങ്കെടുത്തു.

### എക്സിക്യൂട്ടീവ് മീറ്റിംഗ്

ജില്ലാ ഡയറക്ടർ അച്ചന്മാരുടേയും എക്സിക്യൂട്ടീവ് ബോർഡ് അംഗങ്ങളുടേയും സംയുക്ത മീറ്റിംഗ് 2022 മാർച്ച് 1 ചൊവ്വാഴ്ച രാവിലെ 9.30 ന് ഓമല്ലൂർ ഉപാസന പാസ്റ്ററൽ സെന്ററിൽ നടത്തപ്പെട്ടു.

## മാതൃവേദി

### പുതിയ ഭാരവാഹികളുടെ തെരഞ്ഞെടുപ്പ്



2021 ഡിസംബർ മാസം 30-ാം തീയതി പത്തനംതിട്ട കത്തീഡ്രൽ ആഡിറ്റോറിയത്തിൽ വച്ച് പ്രസിഡന്റ് ശ്രീമതി ഷീജ ഏബ്രഹാമിന്റെ അദ്ധ്യക്ഷതയിലും ഡയറക്ടർ ബഹുമാനപ്പെട്ട ജോൺ ജി. അച്ചന്റേയും അസോസിയേറ്റ് ഡയറക്ടർ ബഹുമാനപ്പെട്ട വർഗീസ് തോമസ് ചാമക്കാലയിൽ അച്ചന്റേയും പത്തനംതിട്ട ജില്ലാ വികാരി ബഹുമാനപ്പെട്ട മണ്ണിൽ അച്ചന്റേയും സാന്നിദ്ധ്യത്തിൽ 2022 - 23 ലെ തെരഞ്ഞെടുപ്പ് നടന്നു.

www.malankaralibrary.com



പ്രസിഡന്റ് ശ്രീമതി സുജാ ബാബു മേക്കൊഴൂർ, വൈസ് പ്രസിഡന്റ് ശ്രീമതി മിനി ഡേവിഡ് വലഞ്ചുഴി, സെക്രട്ടറി ശ്രീമതി മേരിക്കുട്ടി ജോർജ്ജ് കുളനട, ജോയിന്റ് സെക്രട്ടറി ശ്രീമതി ജെസ്സിയാമ്മ ജോൺ, ഓമല്ലൂർ, ട്രഷറാർ ശ്രീമതി സൂസമ്മ ഫിലപ്പ് ചിറ്റാർ എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു. .

**സത്യപ്രതിജ്ഞ**

2022 ഫെബ്രുവരി മാസം 24 -ാം തീയതി അരമന ചാപ്പലിൽ വച്ച് പത്തനംതിട്ട ഭദ്രാസന ചാൻസലർ ബഹുമാനപ്പെട്ട ജോഷി വാഴപ്പിലേത്ത് അച്ചന്റെ സാന്നിദ്ധ്യത്തിൽ ഭാരവാഹികൾ സത്യപ്രതിജ്ഞ ചെയ്തു.

**കർമ്മ പദ്ധതി ഉദ്ഘാടനം**



2022 മാർച്ച് മാസം 18 -ാം തീയതി മുണ്ടുകോട്ടയ്ക്കൽ സെന്റ് ബേസിൽ കപ്പൂച്ചിൻ ആശ്രമത്തിൽ വെച്ച് കർമ്മ പദ്ധതി ഉദ്ഘാടനവും വനിതാ ദിനാചരണവും നടത്തപ്പെട്ടു.

www.malankaralibrary.com



# കുടുംബ പ്രേക്ഷിത കാര്യാലയം

## വിവാഹ ഒരുക്ക സെമിനാർ



പത്തനംതിട്ട രൂപതയുടെ ആഭിമുഖ്യത്തിൽ 2022 ജനുവരി 7,8 ഫെബ്രുവരി 11, 12 മാർച്ച് 11, 12 എന്നീ തീയതികളിൽ തുമ്പമൺ ജെ.സി.പീസ് ഫൗണ്ടേഷനിൽ വച്ച് വിവാഹ ഒരുക്ക സെമിനാർ നടത്തപ്പെട്ടു. അഭി. സാമുവൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്താ ക്യാമ്പ് സന്ദർശിക്കുകയും കുടുംബ ജീവിതത്തിന് പ്രജോദനാത്മകമായ ചിന്തകൾ പങ്കുവയ്ക്കുകയും ചെയ്തു.



www.malankaralibrary.com



**വിവാഹ ഒരുക്ക സെമിനാർ**

**സ്ഥലം: സങ്കേത ഭവൻ, ജീസസ് റോഡ്, നന്നുവക്കാട്, പത്തനംതിട്ട പി.ഒ.**

| May | Jun | July | Aug |
|---|---|---|---|
| 13,14 | 10,11 | 08,09 | 12,13 |
| **Sep** | **Oct** | **Nov** | **Dec** |
| 09,10 | 07,08 | 11,12 | 09,10 |

## സെമിനരി വാർത്തകൾ

**ദൈവവിളി ധ്യാനം**

പത്തനംതിട്ട ഭദ്രാസനത്തിൽ പുരോഹിതരാകുവാൻ വൈദീക ജീവിതത്തോട് ആഭിമുഖ്യമുള്ള സത് സ്വഭാവികളായ 10, 12 ഉപരി വിദ്യാഭ്യാസ യോഗ്യതയുള്ള ആൺ കുട്ടികൾക്ക് വേണ്ടി ഈ വർഷത്തെ ദൈവവിളി ധ്യാനം 2022 മെയ് 20, 21, 22 എന്നീ നീയതികളിൽ ആറ്ററികം സെന്റ് തോമസ് മൈനർ സെമിനാരിയിൽ വെച്ച് നടത്തപ്പെടുന്നു.

**വൈദീക വസ്ത്രം സ്വീകരിച്ചു**

പത്തനംതിട്ട ഭദ്രാസനത്തിനു വേണ്ടി 2022 ഏപ്രിൽ 22-ാം തീയതി അരമന ചാപ്പലിൽ വെച്ച് 11 വൈദീക വിദ്യാർത്ഥികൾ വൈദീക വസ്ത്രം സ്വീകരിച്ചു. ബ്രദർ ജോർജ്ജ് ചരിവു പുരയിടത്തിൽ, ബ്രദർ ജോർജ്ജ് കമുകുംപള്ളിൽ, ബ്രദർ മാത്യു കരിക്കൽ മേമുറിയിൽ, ബ്രദർ അനു പാറയ്ക്കൽ, ബ്രദർ തോമസ് കിടങ്ങേൽ, ബ്രദർ കുര്യൻ തോണുവേലിൽ, ബ്രദർ റോബിൻ മുള്ളൻമുരയ്ക്കേൽ, ബ്രദർ മാത്യു തെൻബാവിൻകൂട്ടത്തിൽ, ബ്രദർ സാമുവേൽ കയ്യാലയ്ക്കൽ, ബ്രദർ ജോസഫ് ഇല്ലിക്കൽ, ബ്രദർ തോമസ് പുത്തൻപുരയ്ക്കൽ എന്നിവർക്ക് പ്രാർത്ഥനാശംസകൾ

www.malankaralibrary.com



# ലോഗോസ് ക്വിസ് 2022

രജിസ്ട്രേഷൻ ആരംഭിക്കുന്നത് 2022 ജൂൺ 1 നും രജിസ്ട്രേഷൻ അവസാനിക്കുന്നത് 2022 ജൂലൈ 31 നും ആയിരിക്കും. രജിസ്ട്രേഷൻ ഫീസ് 10 രൂപ. ഏറ്റവും കൂടുതൽ അംഗങ്ങളെ ചേർക്കുന്ന രൂപതകൾക്കും ഇടവകകൾക്കും പ്രത്യേക ക്യാഷ് അവാർഡും ഷീൽഡും നൽകുന്നതായിരിക്കും.

**പരീഷ തീയതികൾ**

രൂപതാതലത്തിലുള്ള പൊതു പരീക്ഷ 2022 സെപ്റ്റംബർ 25 ഞാറാഴ്ച നടത്തപ്പെടുന്നു. തുടർന്ന് സെമിഫൈനൽ പരീക്ഷകൾ മൂന്ന് മേഖലകളിലായി (കോഴിക്കോട്, എറണാകുളം, കൊല്ലം) 2022 നവംബർ 6 നും, മെഗാഫൈനൽ പരീക്ഷ പി. ഒ. സി. യിൽ വച്ച് 2022 നവംബർ 19, 20 തീയതികളിലും നടത്തപ്പെടുന്നു.

**പാഠഭാഗങ്ങൾ**

ജോഷ്വ 13 – 24 ;

പ്രഭാഷകൻ 27 – 33 ;

ലൂക്കാ 1 –8

2 കോറിന്തോസ് 1 –6

**പ്രായവിഭാഗങ്ങൾ**

| | | |
|---|---|---|
| A വിഭാഗം | - | 1.1.2011 നും അതിനുശേഷവും ജനിച്ചവർ |
| B വിഭാഗം | - | 1.1.2006 നും 31.12.2010 നും ഇടയ്ക്ക് ജനിച്ചവർ |
| C വിഭാഗം | - | 1.1.1991 നും 31.12.2005 നും ഇടയ്ക്ക് ജനിച്ചവർ |
| D വിഭാഗം | - | 1.1.1971 നും 31.12.1990 നും ഇടയ്ക്ക് ജനിച്ചവർ |
| E വിഭാഗം | - | 1.1.1958 നും 31.12.1970 നും ഇടയ്ക്ക് ജനിച്ചവർ |
| F വിഭാഗം | - | 31.12.1957 നും അതിനു മുമ്പും ജനിച്ചവർ |

www.malankaralibrary.com



## പത്തനംതിട്ട ഭദ്രാസനത്തിലെ നവ വൈദികർ



ബഹു. ജോൺസൺ ചരുവിൽ അച്ചൻ, ബഹു. സുബിൻ കളീയ്ക്കൽ അച്ചൻ, ബഹു. മാത്യു പരുമൂട്ടിൽ അച്ചൻ, ബഹു. ഡേവിഡ് പേഴുംമൂട്ടിൽ അച്ചൻ, ബഹു. ജോൺ മംഗലത്തിൽ അച്ചൻ, ബഹു. സ്കോട്ട് സ്ലീബാ പുളിമൂടൻ അച്ചൻ എന്നിവർക്ക് ***പ്രാർത്ഥനാശംസകൾ***

## നവാഗതർക്ക് സ്വാഗതം

പത്തനംതിട്ട ഭദ്രാസനത്തിൽ പുരോഹിതർ ആകുവാൻ ആഗ്രഹിക്കുന്നവർക്കു വേണ്ടി ആറ്ററികം സെന്റ്. തോമസ് മൈനർ സെമിനരിയിൽ വച്ച് 2022 മെയ് 20, 21, 22 എന്നീ തീയതികളിൽ നടത്തപ്പെടുന്ന ദൈവവിളി ധ്യാനത്തിലേക്ക് നവാഗതർക്ക് സ്വാഗതം.

www.malankaralibrary.com



പത്തനംതിട്ട രൂപതയുടെ പുതിയ ചാൻസിലർ
ആയി നിയോഗിക്കപ്പെട്ട
ബഹു. സെബാസ്റ്റ്യൻ ആനപ്പേരിൽ അച്ചന്

# അഭിനന്ദനങ്ങൾ



ബഥനി മിശിഹാനുകരണ സന്യാസിനി സമൂഹം പത്തനംതിട്ട
പ്രോവിൻസിന്റെ പുതിയ പ്രോവിൻഷ്യലായി തെരഞ്ഞെടുക്കപ്പെട്ട
മദർ തമിം എസ്. ഐ. സി. കൗൺസിൽ അംഗങ്ങൾക്കൊപ്പം.



2022 ഏപ്രിൽ 3–ാം തീയതി അഭിവന്ദ്യ സാമുവേൽ
മാർ ഐറേനിയോസ് പിതാവിന്റെ കാർമ്മികത്വത്തിൽ
കൂദാശ നിർവ്വഹിച്ച മെഴുവേലി വെസ്റ്റ് ദേവാലയത്തോട്
ചേർന്ന് നിർമ്മിച്ച ഓഫീസ് കോംപ്ലക്സും പാരീഷ് ഹാളും

www.malankaralibrary.com



പത്തനംതിട്ട ഭദ്രാസനത്തിനുവേണ്ടി 2022 ഏപ്രിൽ 25 –ാം തീയതി
സീതത്തോട് സെന്റ് മേരീസ് മലങ്കര കത്തോലിക്കാ
ദേവാലയത്തിൽ വച്ച് പൗരോഹിത്യം സ്വീകരിച്ച
നവ വൈദികർ അഭിവന്ദ്യ പിതാക്കന്മാരോടൊപ്പം.

നവ വൈദികർക്ക്
ഭദ്രാസനത്തിന്റെ പ്രാർത്ഥനാശംസകൾ



പത്തനംതിട്ട ഭദ്രാസനത്തിനു വേണ്ടി 2022 ഏപ്രിൽ 22 –ാം തീയതി
അരമന ചാപ്പലിൽ വച്ച് 11 വൈദിക
വിദ്യാർത്ഥികൾ വൈദിക വസ്ത്രം സ്വീകരിച്ചു.

ഭദ്രാസനത്തിന്റെ പ്രാർത്ഥനാശംസകൾ